# സമന്വയ

## അതിരൂപത ബുള്ളറ്റിൻ


**തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.**

| പുസ്തകം 23 | ഫെബ്രുവരി 2018 | ലക്കം 2 |
|---|---|---|



***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.

റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

***സഹരക്ഷാധികാരി***

വെരി.റവ.മോൺ.യൂജിൻ എച്ച്. പെരേര

***പത്രാധിപ സമിതി***

റവ. ഡോ. എഡിസൺ വൈ.എം

റവ. ഡോ. യേശുദാസൻ മത്യാസ്

റവ. ഫാ. ശാന്തപ്പൻ

റവ. ഡോ. ലോറൻസ് കുലാസ്

റവ. ഫാ. എ.ആർ ജോൺ

റവ. ഫാ. ലെനിൻ രാജ്

ശ്രീ.ആർക്കാഞ്ചലോ.എം.

റവ. ഡോ. മൈക്കിൾ തോമസ്

റവ. ഫാ. ലെനിൻ ഫെർണാണ്ടസ്

***സഹപത്രാധിപർ***

ശ്രീ. പീറ്റർ കട്ടികാട്ട്

***കവർ & ലേ-ഔട്ട്***

ജീവജ്യോതി ഓഫ്സെറ്റ്



ലാറ്റിൻ ആർച്ച്ബിഷപ്പ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001


## താളുകളിൽ


- വാർഷിക പദ്ധതി രൂപീകരണം (എഡിറ്റോറിയൽ)
- ആർച്ച്ബിഷപ്പ്സ് ഡയറി - ഫെബ്രുവരി
- ബിഷപ്പ്സ് ഡയറി - ഫെബ്രുവരി
- ഫൊറോനതല വികേന്ദ്രീകൃത ഭരണസംവിധാനം (FP*-1) (ഡിക്രി)
- Forane: ROLES AND FUNCTIONS (Decree)
- വികേന്ദ്രീകരണ സമീപനം ഉൾക്കൊണ്ട് 2018 - 19 പദ്ധതി - ബഡ്ജറ്റ്
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബിസിസി: ഫൊറോനകളിൽ
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- അതിരൂപതയ്ക്ക് അഭിമാന നിമിഷം
- വിദ്യാഭ്യാസ ശുശ്രൂഷ ഫൊറോനകളിൽ
- സാമൂഹ്യ ശുശ്രൂഷ
- അല്മായ ശുശ്രൂഷ : പ്രവർത്തന മാർഗ്ഗരേഖ

# വാർഷിക പദ്ധതി രൂപീകരണം



അതിരൂപതയിൽ നമുക്ക് ഇന്നുള്ള പങ്കാളിത്ത പ്രവർത്തന ശൈലി ഏതാനും വർഷങ്ങൾ കൊണ്ട് നാം ആർജ്ജിച്ചെടുത്ത ശ്ലാഘനീയമായൊരു പ്രവർത്തന രീതിയാണല്ലോ. ഇതിന്റെ എടുത്തു പറയാവുന്ന പ്രത്യേകതകളിലൊന്ന്, പങ്കാളിത്ത സംവിധാനങ്ങളിലൂടെ ഫെറോന കേന്ദ്രീകൃതമായി ബിസിസി തലങ്ങൾ വരെ ഇടവകകളിൽ ശുശ്രൂഷകൾ കാര്യക്ഷമതയോടെ എത്തിക്കാൻ കഴിയും എന്നതാണ്. എന്നാൽ, ഈ ശൈലി അതിരൂപതയിൽ ഇനിയും കാര്യക്ഷമതയും വ്യാപനവും നേടാനുണ്ട്.

കാര്യക്ഷമത വളർത്താനുള്ള നടപടികളുടെ ഭാഗമായാണ്, നിരവധി കൂടിവരവുകൾക്കുശേഷം, കോവളം ആനിമേഷൻ സെന്ററിൽ 2017 നവംബർ 6, 7 തീയതികളിൽ ഫെറോന വികാരിമാരും സെക്രട്ടറിമാരും ശുശ്രൂഷകളുടെ ഫെറോന വൈദിക കോഓർഡിനേറ്റർമാരുമായി അതിരൂപതാ ശുശ്രൂഷാ ഡയറക്ടർമാർ ഒരു ഓറിയന്റേഷൻ പരിപാടി സംഘടിപ്പിച്ചത്. അതേ തുടർന്ന്, വിവിധതലങ്ങളിൽ നടത്തിയ ചർച്ചകൾക്കും വിശകലനത്തിനും ശേഷം നാം തയ്യാറാക്കിയ "വികേന്ദ്രീകൃത ഫെറോനതല ഭരണസംവിധാനം" എന്ന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് പുതിയ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന പരിപാടി നാം വിഭാവനം ചെയ്യാൻ ശ്രമിക്കുന്നത്.

ഇത്തരുത്തണത്തിൽ, കൂടുതൽ കാര്യക്ഷമതയുള്ള പ്രവർത്തനശൈലിയിലൂടെ സഭയെ കൂടുതൽ പങ്കാളിത്തപൂർണ്ണമാക്കുന്നതിനായി



നേതൃനിരയിൽ നിൽക്കുന്ന ഏവരുടെയും സഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആദ്യപടിയായി, എല്ലാ ഫെറോന-ഇടവക തലങ്ങളിലുമുള്ള എല്ലാ ശുശ്രൂഷാ സമിതികളും 2018-19 ലേയ്ക്കുള്ള പ്രവർത്തന പദ്ധതി-ബജറ്റ് രേഖ നിശ്ചിത സമയത്തിനുള്ളിൽ തയ്യാറാക്കി പ്രവർത്തനാനുമതി നേടുമെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി, ഓരോ വൈദിക ശുശ്രൂഷാ കോർഡിനേറ്ററും അതിരൂപതാ ഡയറക്ടറുമായി ചേർന്ന് തന്റെ ശുശ്രൂഷയ്ക്ക് കാര്യക്ഷമമായ വാർഷിക പദ്ധതി-ബജറ്റ് രേഖ ഫെറോനയിലെ എല്ലാ ഇടവകകളിലും രൂപീകരിക്കുന്നതിന് സഹായിക്കാനായി വ്യക്തമായ ഒരു കാഴ്ചപ്പാടും പരിപാടിയും തയ്യാറാക്കുന്നത് നന്നായിരിക്കും. അതിരൂപതാ ഡയറക്ടർ തന്നെ മുൻകൈ എടുത്ത് എല്ലാ ഫെറോനകളിലേയും തന്റെ ശുശ്രൂഷയുടെ വൈദിക കോർഡിനേറ്റർമാരേയും ആനിമേറ്റർമാരെയും സംഘടിപ്പിച്ച് ആവശ്യമായ ക്രമീകരണം നടത്തണം. തുടർന്ന്, ഫെറോന വികാരി- സെക്രട്ടറിയുടെ നേതൃത്വത്തിൽ ഫെറോന കേന്ദ്രീകരിച്ചു നടക്കുന്ന പരിശീലന പരിപാടിയുടെ അവസരത്തിൽ, പദ്ധതി-ബജറ്റ് രൂപീകരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ഫോർമാറ്റും മറ്റും നൽകുകയും ചെയ്യാവുന്നതാണ്.

2018-19 കാലയളവിലേക്കുള്ള നമ്മുടെ കാൽവയ്പ്പ് അതിരൂപതയുടെ എല്ലാ തലങ്ങളിലും ക്രൈസ്തവ അരൂപി നിറയാനും, വളർച്ചയും സമൃദ്ധിയും കൈവരിക്കുവാനും ഇടയാകണമെന്ന താൽപര്യത്തോടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ ഏവരെയും ഒരിക്കൽ കൂടി ആഹ്വാനം ചെയ്യുന്നു. അതിരൂപതയുടെ വളർച്ചയ്ക്കായി യത്നിക്കുന്ന എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനയോടെ, സ്നേഹത്തോടെ,

**† ക്രിസ്തുദാസ് ആർ.**
സഹായ മെത്രാൻ,
കോഓർഡിനേറ്റർ, അതിരൂപതാ ശുശ്രൂഷകൾ

## ARCHBISHOP'S DIARY, FEBRUARY 2018

| | | | |
|---|---|---|---|
| 01 | THU to 9th SAT | | CBCI, Bangalore |
| 10 | SAT | 10.30 am | School Blessing, Attingal |
| | | 04.30 pm | Jubilee Conclusion, Vellayambalam Parish |
| 11 | SUN | 03.30 pm | EPISCOPAL CONSACRATION, ALLAPUZHA |
| 12 | MON | 10.30 am | KCBC Seminar, JMAC |
| | | 03.30 pm | Church Blessing, Vennicode |
| 14 | WED | 06.30am | Ash Wednesday Eucharistic Celebration, Vellayambalam |
| 15 | THU | 03.30 pm | House a Gift, Handing over 50 houses and Project of Santwna Ockhi Inauguration |
| 17 | SAT | 05.00 pm | Blessing of New Building, Amma Charitable Trust |
| 18 | SUN | 08.00 am | PASTORAL VISIT |
| | | 04.30 PM | KAZHAKUTTOM FORANE INAUGURATION |
| 21 | WED To 22 THU | | PALA, Jubilee celebration |
| 25 | SUN | 05.00 pm | HOME MISSION, Conclusion, Poothura |

**Fr. Judit Pious Lawrence**
Secretary to Archbishop



## AUXILIARY BISHOP'S DIARY, FEBRUARY 2018

| | | | |
|---|---|---|---|
| 01 | THU | 11.00 am | Holy Eucharistic Celebration, Vettucaud |
| | | 05.30 pm | Feast Day Eucharistic Celebration, Killipalam |
| 01 | THU to 9th SAT | | CBCI, Bangalore |
| 10 | SAT | 09.15 am | Plan and Budget, Valiathura Forane |
| 11 | SUN | 03.30 pm | EPISCOPAL CONSACRATION, ALLAPUZHA |
| 13 | TUE | 09.15 am | Plan and Budget, Thuthoor Forane |
| | | 02.15 pm | Plan and Budget, Pettah Forane |
| 14 | WED | | ASH WEDNESDAY |
| 17 | SAT | 09.15 am | Plan and Budget, Anjengo Forane |
| 18 | SUN | 07.30 am | HOME MISSION, Inauguration, Poothura |
| | | 10.00 am | Plan and Budget, Puthukurichy Forane |
| | | 02.15 pm | Plan and Budget, Kazhakuttom Forane |
| 24 | SAT | 06.30 pm | Jesus Youth Silver Jubilee Celebration, Mar Ivanios |

**Fr. Judit Pious Lawrence**
Secretary to Archbishop

## I.GENERAL DECREES

# തിരുവനന്തപുരം അതിരൂപത ഗസറ്റ്

No. 001/2018/CL **GENERAL DECREE** Dated:25.01.2018

### A. ഫെറോനതല വികേന്ദ്രീകൃത ഭരണസംവിധാനം (FP*-1)

അതിരൂപതയുടെ പൊതുവായ പ്രവർത്തനത്തിനും സുഗമമായ അജപാലന നിർവഹണത്തിനുമായി സമീപ ഇടവകകളുടെ കൂട്ടായ സംയോജനമാണ് ഫെറോന (Cf. കാനൻ 374, 2). തിരുവനന്തപുരം ലത്തീൻ അതിരൂപത വികേന്ദ്രീകൃത സമീപന പശ്ചാത്തലത്തിൽ, ഫെറോന ഭരണസംവിധാനം പുനഃക്രമീകരിച്ചിരിക്കുന്നു.

### I. ഫെറോനവികാരി

1. ഫെറോനയിലെ ഇടവകവികാരിമാർക്കും അജപാലനത്തിൽ വ്യാപൃതരായ വൈദികർക്കും അതിരൂപതാദ്ധ്യക്ഷന്റെ അടുത്ത സഹായി എന്ന നിലയിൽ ആവശ്യമായ ഭരണ നിർവ്വഹണ സഹായം നല്കുന്ന ശുശ്രൂഷകനാണ് ഫെറോനവികാരി. ഫെറോനയിലെ മുതിർന്ന വൈദികരിൽ ഒരാളെ ഫെറോന വികാരിയായി തിരഞ്ഞെടുക്കുന്നതായിരിക്കും ഉചിതം.

2. അതിരൂപതയിലെ ഏതൊരു വൈദികനെയും തന്റെ ഉദ്യോഗമോ, താമസസ്ഥലമോ പരിഗണിക്കാതെതന്നെ ഫെറോനവികാരിയായി നിയമിക്കപ്പെടാവുന്നതാണ്.



3. ഫെറോനവികാരിക്ക് സഭ അനുശാസിക്കുന്ന ഉത്തരവാദിത്വങ്ങൾ കണക്കിലെടുക്കുമ്പോൾ ഈ പദവി കഴിയുന്നതും പൂർണസമയ ദൗത്യമായി നിർവ്വഹിക്കണം; ആയതിനാൽ ചെറിയ ഇടവകയിലെ വികാരി ചുമതലയോ, വികാരി സ്ഥാനം കൂടാതെയോ ഈ പൂർണ്ണ ചുമതല നിർവ്വഹിക്കേണ്ടതാണ്.

4. ഫെറോനയിലെ എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്ന സമിതിയായ ഫെറോന കൗൺസിൽ, ഫെറോന ശുശ്രൂഷാതല ആനിമേറ്റേഴ്സ് സംയുക്തയോഗം, ഫെറോന വൈദിക, സന്യസ്ത യോഗം എന്നിവയുടെ സംഘാടകനും അദ്ധ്യക്ഷനും ഫെറോന വികാരിയാണ്.

5. അതിരൂപതാതലത്തിലെ ഫെറോനവികാരിമാരുടെയും സെക്രട്ടറിമാരുടെയും യോഗം, അതിരൂപത സിനഡ്, അതിരൂപതാദ്ധ്യക്ഷൻ നിർദ്ദേശിക്കുന്ന മറ്റ് യോഗങ്ങൾ എന്നിവയിലും ഫെറോന വികാരി പങ്കെടുക്കേണ്ടതാണ്.

6. അതിരൂപതാദ്ധ്യക്ഷനെ മനസ്സിലാക്കുകയും അദ്ദേഹവുമായി സഹകരിക്കുകയും കുറവുകൾ പരിഹരിക്കാൻ അദ്ദേഹത്തെ സഹായിക്കുകയും ചെയ്യുന്ന വ്യക്തിയായിരിക്കണം ഫെറോന വികാരി.

7. ഫെറോനവികാരി പാണ്ഡിത്യം, വിവേകം, സൗമ്യത, ഭക്തി, അജപാലന നിർവഹണം എന്നിവയിൽ വൈദികർക്കും ജനങ്ങൾക്കും മതിപ്പുളവാക്കുന്ന വ്യക്തിയായിരിക്കണം. കൂടാതെ, അജപാലന, സാമൂഹ്യ, വിദ്യാഭ്യാസമേഖലകളിൽ വേണ്ടത്ര അറിവും അനുഭവവും ഉണ്ടായിരിക്കണം.

8. അതിരൂപത പ്രവർത്തനങ്ങളെ പ്രാദേശികമായി കോർത്തിണക്കാനും പ്രോത്സാഹിപ്പിക്കാനും പ്രാവർത്തികമാക്കാനും ഫെറോനയിലെ വൈദികരോടും ജനങ്ങളോടും ചേർന്ന് പ്രവർത്തിക്കാൻ കഴിവുള്ള വ്യക്തിയുമായിരിക്കണം.

## II. ഫെറോന ഓഫീസ്

9. ഫെറോനയിലെ അനുദിന പ്രവർത്തനങ്ങൾ, ഫെറോന ശുശ്രൂഷാ സംവിധാനങ്ങൾ, ഫെറോനതല പരിപാടികൾ എന്നിവ കൃത്യമായി നിർവഹിക്കാൻ ഓഫീസ് സംവിധാനങ്ങളുള്ള (3 മുറികൾ, ചെറിയ ഹാൾ, ഇന്റർനെറ്റോടുകൂടിയ കമ്പ്യൂട്ടർ, മേശകൾ, കസേരകൾ, അലമാരകൾ മുതലായവ) ഒരു ഫെറോന മന്ദിരവും അതിൽ ആവശ്യമായ പ്രവർത്തകരും (ഒരു ഫെറോന ഓഫീസ് സെക്രട്ടറി, മൂന്ന് ഫെറോന ആനിമേറ്റർമാർ-റ്റി.എസ്.എസ്.എസ്.& അത്മായർ, ബി.സി.സി. & കുടുംബം, വിദ്യാഭ്യാസം & അജപാലനം & യുവജനം) സാമ്പത്തിക സാഹചര്യങ്ങളും ഉണ്ടാകേണ്ടതാണ്. ഈ ഓഫീസ് ഇടവകകളിൽനിന്നും സ്വതന്ത്രമായ സംവിധാനമുള്ളതായിരിക്കണം.

10. ഫെറോന ഓഫീസ് സെക്രട്ടറി അനുദിന ഫെറോന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു. കൂടാതെ, അതിരൂപത വിവാഹ മുന്നൊരുക്ക ക്ലാസ്സിനുള്ള ബുക്കിംഗ്, വിവാഹ വിളിച്ചുചൊല്ലൽ ഒരെണ്ണം ഇളവ്ചെയ്യൽ മുതലായവ ഫെറോന വികാരിയുടെ നിർദ്ദേശാനുസരണം നിർവ്വഹിക്കുന്നു.

11. ഫെറോന ഓഫീസുകളുടെ പ്രവർത്തനം സാധാരണ പ്രവൃത്തി ദിവസങ്ങളിലും നിശ്ചിത സമയങ്ങളിലുമായി ക്രമപ്പെടുത്തണം.

## III. ഫെറോനതല ശുശ്രൂഷാപ്രവർത്തനങ്ങൾ

12. സഭാനിയമം 555 പ്രകാരം ഫെറോന വികാരി തന്റെ അവകാശങ്ങളും കടമകളും നിർവ്വഹിക്കുന്നു. മറ്റു ചുമതലകളും അധികാര പരിധികളും അതിരൂപതയുടെ പ്രാദേശിക നിയമങ്ങൾവഴി നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

13. ഫെറോന വികാരിയുടെ സുപ്രധാന ദൗത്യം ഫെറോനയ്ക്കുള്ളിലെ അജപാലന പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പ്രോത്സാഹിപ്പിക്കുക എന്നതാണ്. അജപാലന പ്രവർത്തനം എന്നതുകൊണ്ട്



അർത്ഥമാക്കുന്നത് ബി.സി.സി., അജപാലനം, കുടുംബം, അല്മായ ശാക്തീകരണം, യുവജന പ്രേഷിതത്വം, വിദ്യാഭ്യാസം, സാമൂഹികം മുതലായ പ്രവർത്തനങ്ങളാണ്.

14. ഫെറോനയിലെ വിവിധ ശുശ്രൂഷാ ചുമതലകൾക്കായി ഓരോ വൈദിക കോ-ഓർഡിനേറ്റർമാരെ നിയോഗിക്കേണ്ടതാണ്; കൂടാതെ, ഫെറോന പ്രവർത്തനങ്ങളെ ഏകീകരിക്കുവാനും അവ രേഖപ്പെടുത്തുവാനും ഫെറോന വികാരിയെ സഹായിക്കുവാനുമായി ഫെറോന വൈദിക സെക്രട്ടറിയെ ചുമതലപ്പെടുത്തേണ്ടതാണ്.

15. വിവിധ ശുശ്രൂഷകളെ ശക്തിപ്പെടുത്താനായി 3 ഫെറോന ആനിമേറ്റർമാരുടെ സേവനം പ്രയോജനപ്പെടുത്തുക. അവരുടെ ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ ഫെറോന ഓഫീസ് മുഖേന നല്കുന്നു. ഫെറോന വികാരി ഇവരുടെ പ്രവർത്തനങ്ങളുടെ ലിസ്റ്റ്, സ്ഥല സന്ദർശന വിവരങ്ങൾ (Report) എന്നിവ മാസംതോറും പരിശോധിക്കുന്നു.

16. മാസത്തിലൊരിക്കൽ മുൻനിശ്ചയിച്ചപ്രകാരം ഒരുദിവസം ശുശ്രൂഷകളുടെ ഫെറോന സമിതികൾ ഫെറോന വൈദിക കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ വിളിച്ചുകൂട്ടി ഓരോ ഇടവകയിലെയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതാണ്. പ്രസ്തുത യോഗത്തിൽ അതാതു ശുശ്രൂഷകളുടെ ആനിമേറ്റർമാർ പങ്കെടുക്കുന്നുവെന്നും ഫെറോനവികാരി ഉറപ്പുവരുത്തേണ്ടതാണ്.

17. ശുശ്രൂഷാതല യോഗത്തിനുശേഷം ഫെറോന വികാരിയുടെ നേതൃത്വത്തിൽ വൈദിക കോർഡിനേറ്റർമാരും ആനിമേറ്റർമാരും ഓരോ ശുശ്രൂഷയിലും നടന്ന ചർച്ചകളുടെ സംക്ഷിപ്തം പ്രതിമാസ സംയുക്ത യോഗത്തിൽ അവതരിപ്പിക്കുകയും തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനത്തിൽ എത്തേണ്ടതുമാണ്. പ്രസ്തുത

യോഗത്തിൽ അതിരൂപത ഡയറക്ടർമാരിൽ ഒരാൾ പങ്കെടുക്കേണ്ട താണ്.

18. അതിരൂപത നിയമാവലിപ്രകാരം ബി.സി.സി. - ഇടവക - ഫൊറോന - അതിരൂപതാതലങ്ങളിൽ പുതിയ ശുശ്രൂഷാ നേതൃത്വത്തെ തെരഞ്ഞെടുക്കുന്ന അവസരത്തിൽ ഫൊറോനയിൽ ബി.സി.സികൾ മുതലുള്ള എല്ലാ തലങ്ങളിലും കഴിവും കാര്യക്ഷമതയും സിദ്ധിയുമുള്ളവർ പരമാവധി മുന്നോട്ടുവരാൻ ഇടയാകുംവിധം അതിരൂപതാ നിർദ്ദേശങ്ങളനുസരിച്ച് യഥാസമയം തെരഞ്ഞെടുപ്പും സമിതികളുടെ രൂപീകരണവും പൂർത്തിയാക്കേണ്ടതാണ്. അതിരൂപത സമിതിയുടെ രൂപീകരണത്തിന് അതിരൂപത നല്കുന്ന നിർദ്ദേശമനുസരിച്ച് ഫൊറോനയിൽ നിന്നുള്ള ഇടവകകളുടെ പ്രാധിനിത്യം ഫൊറോനവികാരി ഉറപ്പാക്കുകയുംവേണം.

19. അതിരൂപതാതലത്തിൽ വിവിധ ശുശ്രൂഷകളുടെയും ബി.സി.സി.യുടെയും വാർഷിക പ്ലാനും ബഡ്ജറ്റും തയ്യാറാക്കുന്ന തിനു മുമ്പ് ബന്ധപ്പെട്ട അതിരൂപത ഡയറക്ടർമാർ / എക്സിക്യൂട്ടീവ് സെക്രട്ടറി ഫൊറോന വികാരിയുടെയും ഫൊറോന ശുശ്രൂഷ കോഡിനേറ്റർമാരുടെയും യോഗം വിളിച്ചുകൂട്ടി ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്ന പ്ലാനും ബഡ്ജറ്റിനും സംബന്ധിച്ച പ്രാഥമിക ധാരണ വരുത്തേണ്ടതാണ്.

20. വികേന്ദ്രീകൃത സമീപനപ്രകാരം ഫെറോന തലത്തിൽ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്ത ശുശ്രൂഷാപരിപാടി കൾക്കുമാത്രമായി അതിരൂപതാതലത്തിൽ ശുശ്രൂഷാ പ്രവർത്തന ങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

21. ഇടവകകൾ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് പരിശീലനം, മുൻ വാർഷിക വിലയിരുത്തൽ, പദ്ധതി - ബഡ്ജറ്റ് രേഖകൾ തയ്യാറാക്കൽ, അവ സ്വീകരിക്കൽ, അവ പരിശോധിച്ച് അംഗീകാരം നൽകുക തുടങ്ങിയ പ്രക്രിയകൾ ഫൊറോനാകേന്ദ്ര ചുമതലയിൽ



ഫൊറോനവികാരിയുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കപ്പെടണം. ഇതിനായി, ഫൊറോന കൗൺസിലിനെയും ഫൊറോന ശുശ്രൂഷാ സമിതികളെയും സജ്ജമാക്കാനുള്ള ഉത്തരവാദിത്വം ഫൊറോന വികാരിക്കാണ്. ആവശ്യമെങ്കിൽ അതിരൂപത ശുശ്രൂഷാസമിതിക ളുടെ സഹായം തേടാവുന്നതാണ്.

22. ശുശ്രൂഷകളുടെ ഫൊറോന പദ്ധതി സമയബന്ധിതമായി തയ്യാറാക്കാൻ ബന്ധപ്പെട്ട അതിരൂപത ഓഫീസ് വിവിധ ഫൊറോന ശുശ്രൂഷാ സമിതികളെ സഹായിക്കുകയും പദ്ധതി രേഖകൾ ഫൊറോന കൗൺസിലിൽ അവതരിപ്പിച്ചശേഷം അംഗീകരിക്കുന്നു. ഫൊറോന വാർഷിക കലണ്ടർ തയ്യാറാക്കി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് ഫൊറോനവികാരി ശ്രദ്ധിക്കേണ്ടതാണ്.

23. ഇടവകകളിലെ കണക്കുകളുടെ മാസാന്ത്യസംക്ഷിപ്തം അതാതുമാസം തയ്യാറാക്കി ഇടവകകൾ രൂപതാ കേന്ദ്രത്തിൽ ഏല്പിക്കുന്നുണ്ടെന്ന് ഫൊറോനവികാരി ഉറപ്പുവരുത്തേണ്ടതും, രേഖയുടെ ഒരു കോപ്പി ഫൊറോന കേന്ദ്രത്തിൽ സ്വീകരിച്ച് ഫയൽ ചെയ്യേണ്ടതുമാണ്.

## IV. ഫൊറോനതല കേന്ദ്ര സമിതികൾ

### a. ഫൊറോന സാമ്പത്തിക സമിതി

24. ഫൊറോന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സാമ്പത്തിക സമാഹരണം അവയുടെ വിതരണം മേൽനോട്ടം എന്നിവ നിർവ്വഹിക്കേണ്ട സമിതിയാണ് ഫൊറോന സാമ്പത്തിക സമിതി.

25. ഫൊറോന വികാരിയുടെ അദ്ധ്യക്ഷതയിൽ ഫൊറോനാകൗൺ സിലിൽനിന്നോ പുറമെനിന്നോ തിരഞ്ഞെടുക്കപ്പെടുന്ന മൂന്ന് അത്മായരും ഫൊറോനാവൈദിക കൂട്ടായ്മയുടെ സെക്രട്ടറിയും ഫൊറോനാകൗൺസിലിന്റെ ഖജാൻജിയും ഉൾപ്പെട്ടതാണ് ഈ സമിതി.

26. ഫെറോനാതല ശുശ്രൂഷകൾക്കുവേണ്ടിയുള്ള ധനവിതരണം വാർഷിക പ്ലാൻ, ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കപ്പെടുന്നു.

**b. തർക്കപരിഹാര സമിതി**

27. അതിരൂപത നിയമാവലി പ്രകാരം ഓരോ ഫെറോനയിലും തർക്കപരിഹാര സമിതി രൂപീകരിക്കേണ്ടതാണ്. അതിരൂപത തർക്കപരിഹാര സമിതിയിലെ ഒരംഗം ഫൊറോനതർക്കപരിഹാര സമിതിയിലെ അംഗമായിരിക്കണം.

28. ഫെറോനയിലെ ഇടവകകൾ തമ്മിലുണ്ടാകുന്ന തർക്കങ്ങൾ കഴിവതും ആ ഫെറോനയിൽത്തന്നെ പരിഹരിക്കപ്പെടണം. ഒരു ഇടവകയ്ക്കുള്ളിൽ ഉണ്ടാകുന്ന തർക്കങ്ങൾ ആ ഇടവകയുടെ തന്നെ പാരീഷ് കൗൺസിലിലോ ആർബിട്രേഷൻ ഫോറത്തിനോ പരിഹാരം കാണാൻ കഴിയാതെ വരുമ്പോൾമാത്രമേ ഫെറോന തർക്കപരിഹാര സമിതിയെ സമീപിക്കേണ്ടതുള്ളൂ.

29. ഒരു വിശ്വാസിയും ഇടവക വികാരിയും/ഇടവക കമ്മിറ്റിയും തമ്മിലുള്ള വ്യവഹാരം/തർക്കങ്ങൾക്ക് ഫെറോന തർക്ക പരിഹാര സമിതിയുടെ സഹായത്തോടെ പരിഹാരം നേടേണ്ടതാണ്.

30. വൈദികർ തമ്മിലുള്ള തർക്കങ്ങൾ, വൈദികരും സന്യസ്തരും തമ്മിലുള്ള തർക്കങ്ങൾ, മുകളിൽ പറഞ്ഞിട്ടുള്ള നമ്പർ 28,29 പ്രശ്നപരിഹാരത്തിനുള്ള അപ്പീൽ ബോധിപ്പിക്കൽ എന്നിവ അതിരൂപത തർക്കപരിഹാര സമിതിയുടെ പരിധിയിൽ വരുന്ന കാര്യങ്ങളാണ്.

31. നിയമ പ്രാവീണ്യമുള്ളവരോ അഭിഭാഷകരോ സഭാനിയമം പഠിച്ച വൈദികരോ ഫെറോന തർക്കപരിഹാര സമിതിയിൽ അംഗങ്ങളായി പ്രവർത്തിക്കേണ്ടതാണ്.



**b. ഫെറോന നിർമ്മാണ പ്രവർത്തന സമിതി**

32. ഓരോ ഫൊറോനയിലും ഫൊറോന വികാരിയുടെ നേതൃത്വത്തിൽ ഫൊറോന നിർമ്മാണ പ്രവർത്തന സമിതി രൂപീകരിക്കേണ്ടതാണ്. അതിൽ, അതിരൂപത നിർമ്മാണ സമിതിയിലെ ഒരാൾ അംഗമായി ഉണ്ടാകേണ്ടതാണ്. ഈ സമിതി 10 ലക്ഷംരൂപയ്ക്ക് താഴെയുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് ആവശ്യമായ അനുവാദം, മേൽനോട്ടം, നിർമ്മാണ പുരോഗതി, വിലയിരുത്തൽ എന്നിവ അതിരൂപതാദ്ധ്യക്ഷന്റെ രേഖാമൂലമുള്ള അംഗീകാരത്തോടെ ഈ സമിതിയ്ക്ക് നിർവ്വഹിക്കാവുന്നതാണ്.

33. ഇടവകകളിൽ നടത്തപ്പെടുന്ന 10 ലക്ഷത്തിനുമുകളിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അപേക്ഷ പ്രസ്തുത ഇടവക വികാരി ഫെറോന നിർമ്മാണ പ്രവർത്തക സമിതിയ്ക്ക് നൽകുകയും, ഫൊറോന നിർമ്മാണ പ്രവത്തന സമിതി പ്രസ്തുത നിർമ്മാണത്തിന്റെ ആവശ്യകത - സാദ്ധ്യത എന്നിവയെക്കുറിച്ചുള്ള പഠന റിപ്പോർട്ട് വികാരിയ്ക്ക് നൽകുകയും, വികാരി അപേക്ഷയും റിപ്പോർട്ടുമായി അതിരൂപതാദ്ധ്യക്ഷന്റെ അനുവാദത്തിനായി സമർപ്പിക്കേണ്ടതാണ്.

**c. ഫെറോന ആഡിറ്റ് സമിതി**

34. ഓരോ ഫെറോനയിലും ഇടവകകളിലെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി ഫെറോനാതലത്തിൽനിന്നും ആഡിറ്റിംഗ് പ്രാവീണ്യമുള്ള 4 അംഗങ്ങളെയും അതിരൂപത ആഡിറ്റിംഗ് ടീമിലെ ഒരംഗത്തെ ഉൾപ്പെടുത്തി ഫെറോനയിൽ 5 അംഗങ്ങളുള്ള ഫൊറോന ഓഡിറ്റ് സമിതി രൂപീകരിക്കേണ്ടതാണ്. ഈ സമിതിയുടെ ചെയർമാൻ അതിരൂപത ആഡിറ്ററായിരിക്കും. ഈ സമിതിയിലെ അംഗങ്ങളുടെ സ്വന്തം ഇടവകയിലെ ഓഡിറ്റിംഗിൽ അവർ പങ്കാളികളാകേണ്ടതില്ല. ഫെറോനയിലെ ഇടവകകളുടെയും, ഫൊറോനയിലെ വിവിധ ശുശ്രൂകളുടെയും കണക്കുകൾ ഈ

സമിതി ഫെറോനയിൽവച്ച് പരിശോധിച്ച് വിലയിരുത്തിയശേഷം ഫെറോനവികാരി അതിരൂപത ഓഫീസിൽ റിപ്പോർട്ട് നല്കേണ്ട താണ്.

## V. ഫെറോനയിലെ വൈദികർ - സന്യസ്തർ

35. ഫെറോനയിലെ വൈദികരും സന്യസ്തരും തങ്ങളുടെ അജപാലന ദൗത്യ നിർവ്വഹണത്തിൽ ഫെറോനവികാരിയോട് ചേർന്ന് തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കേണ്ടതാണ്.

36. ഫെറോനയിലെ വൈദികരുടെ യോഗം ഫെറോനവികാരിയുടെ നേതൃത്വത്തിൽ പ്രതിമാസമോ ദ്വൈമാസമോ വിളിച്ചുകൂട്ടേണ്ട താണ്. യോഗത്തിൽ വിവിധ ശുശ്രൂഷകളുടെ ഫെറോനതല റിപ്പോർട്ട് ഭാവിപ്രവർത്തനങ്ങൾ ഫെറോനയെ ബാധിക്കുന്ന പ്രാദേശിക പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്യുന്നു.

37. ഫെറോനയിലെ വൈദികരുടെയും സന്യസ്തരുടെയും യോഗം നാലുമാസത്തിലൊരിക്കലെങ്കിലും ഫെറോനവികാരിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുകൂട്ടേണ്ടതും സന്യസ്തരുടെ സഹകര ണവും കൂട്ടായ്മയും ഫെറോന പ്രവർത്തനങ്ങൾക്ക് ഉറപ്പുവരു ത്തേണ്ടതുമാണ്.

38. ഫെറോനയിൽ പ്രവർത്തിക്കുന്ന സന്യസ്തർക്ക് അതിരൂപത - ഫെറോന ശുശ്രൂഷാ സംവിധാനങ്ങളെകുറിച്ച് വർഷത്തിലൊരിക്ക ലെങ്കിലും പരിശീലനം നല്കേണ്ടതാണ്.

39. സന്യസ്ത ഭവനങ്ങളുമായി ആലോചിച്ച് ഓരോ സന്യസ്ത ഭവനത്തിലെയും ഒരു വൈദികൻ/ സിസ്റ്റർ എങ്കിലും ഫെറോനയിലെ ശുശ്രൂഷകളിൽ ഏതെങ്കിലുമൊന്നിന്റെ സജ്ജീവ പ്രവ്രർത്തനത്തിൽ പങ്കാളിയാകേണ്ടതാണ്.

40. ഫെറോനയിലെ വൈദികരുടെ പ്രവൃത്തി കാര്യക്ഷമത ഉറപ്പുവരുത്താൻ അതു വിലയിരുത്തി Performance appraisal



രേഖാമൂലം ഫെറോന വികാരി സൂക്ഷിക്കേണ്ടതും അതിന്റെ പകർപ്പ് അതിരൂപതാദ്ധ്യക്ഷന് സമർപ്പിക്കേണ്ടതുമാണ്.

41. വൈദികരുടെ ട്രാൻസ്ഫർ അവസരങ്ങളിൽ എല്ലാവിധ ഇടവക രേഖകളും മാറ്റം സ്വീകരിക്കുന്ന വികാരി കാലികമാക്കിയിട്ടുണ്ടെന്ന് ശ്രദ്ധിക്കുകയും ഉത്തരവാദിത്വമേല്ക്കുന്ന പുതിയ വികാരി യാതൊരു വിഷമതകളും കൂടാതെ ചുമതലയേല്ക്കുന്നുവെന്ന് ഫെറോനവികാരി ഉറപ്പുവരുത്തേണ്ടതാണ്.

42. തുടർച്ചയായി ഏഴു ദിവസം ഇടവകകളിൽനിന്നും മാറി നില്ക്കുന്ന വൈദികർ പ്രസ്തുത വിവരവും അദ്ധേഹത്തിന്റെ അഭാ വത്തിൽ ഇടവകയിൽ ചെയ്തിരിക്കുന്ന ക്രമീകരണവും ഫൊറോന വികാരിയെ അറിയിക്കേണ്ടതാണ്. ഈ വിവരം ഫെറോനവികാരി അതിരൂപതാദ്ധ്യക്ഷനെയും അറിയിക്കേണ്ടതുമാണ്.

43. അതിരൂപതാദ്ധ്യക്ഷന്റെ അനുമതിയോടെ ഒരാഴ്ചയിലധികം (കാനോൻ നിയമം നിർദ്ദേശിക്കുന്ന ഒരു മാസം അവധി വൈദികർ എടുക്കുമ്പോഴും) ഇടവകയിൽനിന്നും മാറിനില്ക്കുന്ന വൈദികർ പ്രസ്തുത വിവരവും അതിരൂപതാദ്ധ്യക്ഷന്റെ അനുവാദം വാങ്ങിയ ശേഷം താൻ പകരക്കാരനായി കണ്ടെത്തിയ വൈദികന്റെ വിവര ങ്ങളും ഫെറോനവികാരിയെയും അതിരൂപത കൂരിയയെയും അറിയിക്കേണ്ടതുമാണ്.

44. മുൻകൂട്ടിയറിയുവാൻ നിവൃത്തിയില്ലാത്ത കാരണങ്ങളാൽ ഒരിടവകയിൽ ഭരണച്ചുമതല വഹിക്കാൻ വൈദികനില്ലാത്ത അവസ്ഥയുണ്ടായാൽ അക്കാര്യം അതിരൂപതാദ്ധ്യക്ഷനെ ഫെറോനവികാരി അറിയിക്കേണ്ടതും മറ്റൊരു ക്രമീകരണം അതിരൂപതയിൽനിന്നും ഏർപ്പെടുത്തുംവരെ ഇടവകയുടെ ഭരണച്ചുമതല ഏറ്റെടുത്ത് അദ്ദേഹം നിർവ്വഹിക്കേണ്ടതുമാണ്.

45. രോഗാവസ്ഥയിലോ, വാർദ്ധക്യത്തിലോ മരണാസന്ന നില യിലോ ആകുന്ന വൈദികന്റെ ആത്മീയവും ഭൗതികവുമായ

ആവശ്യങ്ങൾ ഫെറോനവികാരി കരുതലോടെ കണ്ടറിഞ്ഞ് നിർവ്വഹിക്കേണ്ടതും, അത്തരം സന്ദർഭങ്ങളിൽ ആ വൈദിക ന്റെയോ ഇടവകയുടെയോ വസ്തുവകകൾ നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## VI. ഇടവകകളുമായുള്ള ബന്ധവും ഫെറോന വികാരിയുടെ കടമകളും

46. സഭാനിയമമനുസരിച്ചാണ് ഇടവകകളിൽ കൂദാശകളും കൂദാശാനുകരണങ്ങളും പരികർമ്മം ചെയ്യപ്പെടുന്നതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തണം.

47. വർഷത്തിൽ രണ്ടുതവണയെങ്കിലും ഇടവക കൗൺസിൽ, ഫിനാൻസ് കൗൺസിൽ എന്നീ യോഗങ്ങളിൽ പങ്കെടുക്കുകയും സഭാനിയമമനുസരിച്ച് അവ പ്രവർത്തിക്കുന്നുവെന്ന് വിലയിരുത്തുകയും ചെയ്യുക.

48. ഫെറോനയിലെ ഇടവക ദൈവാലയങ്ങൾ, കുരിശ്ശടികൾ, ദിവ്യബലി അർപ്പിക്കപ്പെടുന്ന മറ്റ് സ്ഥലങ്ങൾ എന്നിവയുടെ കാര്യത്തിൽ ശ്രദ്ധ, കൂദാശകളുടെ പരികർമ്മം, ദിവ്യകാരുണ്യ പരിപാലനം എന്നിവ ശരിയായി നിർവ്വഹിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക.

49. ദിവ്യബലിയർപ്പണ ധർമ്മത്തെക്കുറിച്ച് (Mass Stipend) അതിരൂപത പുറപ്പെടുവിച്ച മാർക്ഷരേഖ, കർമ്മാദി നിരക്കുകളുടെ ഡിക്രി എന്നിവ പ്രകാരം ഇടവകകൾ കൃത്യമായി പാലിക്കന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തണം.

50. ഇടവക കൂദാശ രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തുകയും അവ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുക.

51. ഇടവക ആർക്കൈവ്സിലെ രേഖകൾ, റിപ്പോർട്ട് ബുക്കുകൾ, ഫയലുകൾ, കണക്കുപുസ്തകങ്ങൾ, സ്ഥാവര ജംഗമ വിവര രജിസ്റ്റർ/ഇൻവെന്ററീസ് എന്നിവ കൃത്യമായും കാലികമായി



പരിപാലിക്കപ്പെടുകയും, പുതുക്കപ്പെടുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുക.

52. സഭാവസ്തുക്കൾ, വൈദിക വസതി, അനുബന്ധ ഓഫീസുകൾ എന്നിവ കൃത്യമായി ഫെറോനയിലെ ഇടവകകളിൽ സംരക്ഷിക്കപ്പെടുന്നുവെന്ന് ഫെറോനവികാരി ഉറപ്പുവരുത്തുക.

## VII. ഫെറോന വികാരിയുടെ കൗദാശിക - ഇതര അധികാരങ്ങൾ

53. ഫെറോനയിലെ മുഴുവൻ കത്തോലിക്ക വിശ്വാസികൾക്കും ഫെറോന പരിധിക്കുള്ളിലോ, മറ്റേതെങ്കിലും ഇടവകയിലോ അംഗത്വമുണ്ടെന്ന് ഉറപ്പുവരുത്തുക.

54. കത്തോലിക്ക വിശ്വാസത്തിനു വിരുദ്ധമായ വിശ്വാസ സമൂഹങ്ങളിലേക്ക് സ്ഥിരമായി പോകുന്നവരെ തിരികെ കൊണ്ടുവരാനുള്ള നടപടിയും, അത് അസാധ്യമാകുമ്പോൾ അവർ നിയമപരമായി ഇടവകയുടെ ഭാഗമല്ല എന്ന നടപടിയും ഇടവക വികാരിമാരിലൂടെ നടപ്പിലാക്കുക.

55. സഭാപരമല്ലാത്ത രീതിയിൽ വിവാഹ ജീവിതം നയിക്കുന്നവരുടെ മാമ്മോദീസ സ്വീകരിച്ച മക്കൾക്ക് മറ്റ് കൂദാശകൾ പരികർമ്മം ചെയ്തുകൊടുക്കാൻ ഇടവക വികാരിമാർ അപേക്ഷിക്കുകയാണെങ്കിൽ ഫെറോനവികാരി അനുവാദം നല്കുക.

## VIII. ഫെറോന ഫണ്ട്

56. ഫെറോന മന്ദിരങ്ങളും അതിൽ ആവശ്യമായ ഓഫീസ് സൗകര്യങ്ങളും ക്രമാനുഗതമായി അതിരൂപതാചുമതലയിൽ പൂർത്തീകരിക്കേണ്ടതാണ്.

57. ഇടവകകൾ നല്കുന്ന അതിരൂപതാ വിഹിതത്തിന്റെ 75 ശതമാനം ഫെറോന ഫണ്ടിലേക്ക് തനതു ഫെറോനകൾക്ക് അവരുടെ ഫെറോന ശുശ്രൂഷ പ്രവർത്തനങ്ങൾക്കായി അതിരൂപതയിൽനിന്നും നല്കുന്നു; ബാക്കിയുള്ള 25 ശതമാനം പ്രത്യേക പരിഗണന അർഹിക്കുന്ന കാര്യങ്ങൾക്കായി അതിരൂപതാദ്ധ്യ

ക്ഷന്റെ തീരുമാനപ്രകാരം അതിരൂപതാ ഫെറോനാ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നു. കൂടാതെ ഫെറോനയിലെ ഇടവകകളുടെ വലിപ്പചെറുപ്പമനുസരിച്ച് ഫെറോന വൈദിക യോഗം നിശ്ചയിക്കുന്ന തുക ഫെറോനാവിഹിതമായി ഓരോ ഇടവകകളും വർഷംതോറും ഫെറോന ഫണ്ടിലേക്ക് നല്കേണ്ടതാണ്.

58. വിവാഹ മുന്നൊരുക്ക കോഴ്സിനുള്ള ബുക്കിംഗ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് വിതരണം, വിവാഹ പരസ്യ ഇളവ് തുടങ്ങിയ സേവനങ്ങളിൽനിന്ന് ചാർജ്ജായി 25/- രൂപ വീതം ഫെറോന ഫണ്ടിലേക്ക് ഈടാക്കാവുന്നതാണ്.

59. ഫെറോനതല ശുശ്രൂഷകളിലെ ആനിമേറ്റേഴ്സിന്റെ പ്രതിമാസ ശമ്പളം അതിരൂപതാ/ അതിരൂപതാശുശ്രൂഷകളിൽനിന്ന് നല്കേണ്ടതാണ്; ഫെറോന സെന്റർ ഓഫീസ് സെക്രട്ടറി, ഫെറോനയിലെ മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്കുള്ള ശമ്പളം/അലവൻസ് ഫെറോനാ ഫണ്ടിൽനിന്ന് നല്കേണ്ടതാണ്.

## IX. ഭരണകാലാവധി

60. കാനൻ 554 പ്രകാരം ഒരു നിശ്ചിത കാലയളവിലേക്കാണ് ഫെറോനവികാരിയെ നിയമിക്കുന്നത്. പുതിയ ഫെറോനവികാരി ചാർജ്ജെടുക്കുമ്പോഴോ, അതിരൂപതാദ്ധ്യക്ഷൻ രേഖാമൂലം ഫെറോനവികാരി സ്ഥാനം മാറ്റുന്നു എന്നറിയിക്കുമ്പോഴോ ആണ് ഈ പദവി അവസാനിക്കുന്നതാണ്.

61. ഫെറോന വൈദിക സെക്രട്ടറി, ശുശ്രൂഷ വൈദിക കോ-ഓർഡിനേറ്റർമാർ, വിവിധ സമിതികളിലെ വൈദിക ചുമതലയുള്ളവർ എന്നിവരുടെ കാലാവധി പുതിയ വ്യക്തിയെ ഭരണസ്ഥാനത്തേയ്ക്ക് ചുമതല ഏല്പിച്ച് ഫെറോനവികാരി നിയമിക്കുമ്പോഴോ, ഫെറോനയിൽനിന്ന് മറ്റൊരിടത്തേയ്ക്കായി സ്ഥലംമാറ്റം കിട്ടുമ്പോഴോ അവരുടെ ഫെറോന ചുമതല അവസാനിക്കുന്നു.



ഫെറോനയിലെ വിവിധ സമിതികളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്നവർ സമിതിയുടെ ഭരണ കാലാവധി അവസാനിക്കുമ്പോൾ അവരുടെ ചുമതല അവസാനിക്കുന്നു.

ഈ ഡിക്രി ജനുവരി മാസം 31-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്;

അതിരൂപത കാര്യാലയത്തിൽനിന്നും ജനുവരി 25, 2018-ൽ നല്കപ്പെട്ടത്.

**റവ. ഡോ. എഡിസൻ** — **† സൂസപാക്യം എം.**
ചാൻസിലർ — തിരുവനന്തപും മെത്രാപ്പോലീത്ത

**TRIVANDRUM ARCHDIOCESAN GAZETTE**

No. 002/2018/CL **GENERAL DECREE** Dated:25.01.2018

## B. ROLES AND FUNCTIONS OF THE FORANE PRIEST COORDINATORS, FORANE WOMEN RELIGIOUS JOINT COORDINATORS AND FORANE ANIMATORS

In the context of the forane centered functioning of the Archdiocesan ministries in the Latin Archdiocese of Trivandrum, the roles and functions of the Priest Co-coordinators, Women Religious Joint Coordinator and Forane Animators are further redefined. The following are their roles and functions.

### I. Roles and Functions of the Forane Priest Co-coordinators

1. The Priest Coordinators of the ministries at the forane (=FPC) are elected by the Forane Priests Council and presented to the Archbishop for confirmation for a term of three years. (Even though there are various commissions in each Ministry, for the convenient management, it is proposed that a priest be assigned as the coordinator of the Ministries and BCC )

2. The FPC shall facilitate the activities of the concerned ministries at the forane level and jointly act to obtain the common goals of the



Archdiocese in collaboration with the Ministry Directors and the parish priests and the Forane Vicar.

3. The FPC of each ministry shall be meeting regularly (not less than thrice in a year) with the archdiocesan Directors of concerned Ministry to discuss and identify the needs of the forane, ways and means to identify resources, plan, implement and evaluate the programmes of the forane

4. The FPC shall function as a resource person, who will ensure the realization of the vision and mission of the Archdiocese in the particular forane considering the realities of the forane.

*** Forane Policy**

5. The FPC in consultation with the forane Priests' Council, Forane Council and the General Body of the concerned Ministry at the forane level facilitate annual planning of the ministries /commissions at the forane level with support and collaboration of the Forane Vicar and ensure the process of planning at the forane level.

6. The FPC shall facilitate the parish level planning of ministries in consultation with the Parish Priest and General Body of the parish ministry.

7. The FPC convene, coordinate and facilitate the activities of the ministries in collaboration with the concerned animators and monitor the activities through the presentation of reports, accounts on a monthly basis in the joint meeting of the coordinators conducted by the Vicar Forane and evaluate the same.

8. The FPC shall facilitate the ministry level meetings at the forane level and help forane and parish units to function effectively.

9. The Vicar forane in collaboration with the FPCs, Women Religious Joint Coordinators and Forane Animators in the presence of the Directors of the Ministry, Archdiocesan coordinator of the Ministries and even in the presence of the Bishop/s to assess and evaluate the programme on a quarterly basis.

10. The FPCs in consultation with the Vicar Forane shall facilitate the training of concerned ministry/commission members at the forane level.

11. The FPCs shall facilitate the forane and parishes to engage with the Panchayths, Wards, and Governments to design programmes for the welfare and development of people.

**II. Roles and Functions of the Women Religious Joint Coordinator**

12. A Women Religious Joint Coordinator (= RJC) for each ministry and BCC, considering their aptitude and interest shall be elected in the Joint meeting of the priests and Religious in the Forane.

13. The RJC shall assist the priest coordinator to effectively facilitate the activities of the ministry in the forane and the archdiocesan level

14. The RJC along with the FPC have meetings on a regular interval with the directors of each ministry to discuss and identify the needs of the forane, ways and means to identify resources, plan, implement and evaluate the programme of the forane



15. The RJC shall function as a resource person, who will ensure the realization of the vision ad mission of the archdiocese in the particular forane considering the realities of the forane

16. The RJC shall be given training on a regular interval to update the concerns of the global, regional and local church and develop the skills to appropriately carry out the mission

17. In all other responsibilities the RJC shall collaborate with the FPC and Vicar Forane in the planning, implementing, monitoring and evaluation of the programme of the forane.

**III. Roles and Functions of the Forane Animators**

18. The Forane Animators (=FA), presently working under individual ministries at the archdiocesan-forane levels are to facilitate the ministry activities at the forane level in collaboration with the respective Directors and FPCs.

19. At the forane level, the FA for BCC will also facilitate the activities of the Family Ministry. The FA for Education Ministry will also facilitate the activities of the Pastoral Ministry and the Youth Ministry. The FA for Social Action Ministry will also facilitate the Laity Ministry. Thus, there will be three FA in a forane. In the context of the convergence of ministries towards a family centered pastoral approach and the home mission the animators may function together to realize the common goals of the local, regional and global Church.

20. The FAs along with the Directors, Vicar Forane and the ministry FPCs of the forane are to ensure the realization of the vision and mission of the Archdiocese in the particular forane considering the realities of the forane.

21. Fas animate and facilitate the ministries jointly at the forane along with the FPCs of various ministries and the vicar forane to realize the goals of the forane and the Archdiocese as enshrined in the annual and long term plan and budget.

22. The FAs place their monthly activities of the forane during the monthly joint meeting of the animators and coordinators convened by the vicar forane. The programmes approved by the FPCs and accepted by the Vicar Forane are carried out time bond. The reports are critically evaluated and a copy of the report along with the assessment is submitted to the archdiocesan Director the ministry/ies.

23. The animators are to place their monthly activity report and the account to the forane coordinators during the monthly joint meeting of the FAs, FPC and the Vicar Forane. The reports are critically evaluated and a copy of the report along with the assessment is submitted to the archdiocesan Director of ministrt/ies.

24. The FAs are to facilitate the concerned activities of the ministries in the forane and the parishes in collaboration with the FPC as per the plan and budget prepared and approved by the Forane Council and confirmed by the archdiocesan ministry director/s and finally approved by the Archdiocesan Coordinator for Ministries.

25. The FAs are to facilitate the training of the parish, forane, and ministry level for elected members of the ministry and other trainings required to effectively carryout the activities of the forane.

26. The animators along with the FPCs are to facilitate planning, implementation and evaluation of the activities of the forane as per



the vision and mission of the ministry formed by the directors in consultation with the forane coordinators.

27. The animators will report to the archdiocesan Ministry Directors on a monthly basis, with the comments of the forane priest coordinator, countersigned by the Vicar Forane.

28. The FAs shall be given training on a regular interval to update the concerns of the Global, Local church and develop the skills to appropriately carryout the mission.

This Decree comes to Effect from 31 January 2018

**Rev. Dr. Edison YM**
Chancellor

**† Soosa Pakiam M.,**
Archbishop of Trivandrum

Prot. No.2018/AB/051 25 January 2018

## C. വികേന്ദ്രീകരണ സമീപനം ഉൾക്കൊണ്ട് 2018-19 പദ്ധതി-ബഡ്ജറ്റ്

പ്രിയ വൈദികരെ,

അതിരൂപതാ വികേന്ദ്രീകരണ സമീപനം ഉൾക്കൊണ്ടു കൊണ്ട് ഈ വർഷത്തെ വാർഷിക പദ്ധതി - ബജറ്റുകൾ രൂപപ്പെടുത്തേണ്ട സമയമാണിത്. പദ്ധതി രൂപീകരണ വേളയിൽ പ്രത്യേക ഊന്നലുകൾ നൽകേണ്ട ചില മേഖലകൾ: ഓഖി ചുഴലിക്കാറ്റുമായി ദുരിതം അനുഭവിക്കുന്നവർ/മൽസ്യത്തൊഴിലു മായി ബന്ധപ്പെട്ടവ, ഹോം മിഷൻ നടന്ന ഇടവകകൾ അതിന്റെ തുടർച്ചയായി നടത്തേണ്ട പരിപാടികൾ (follow up programmes), കുടുംബ കേന്ദ്രീകൃതമായ അജപാലന പരിപാടികൾ, ആഗോള യുവജന വർഷത്തിന്റെ പശ്ചാത്തലത്തിൽ യുവജന ആഭിമുഖ്യ പരിപാടികൾ എന്നിവയാണ്. വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കു വാൻ താഴ്തലങ്ങ ളിൽ പ്രത്യേകിച്ചും ഇടവക - ഫൊറോന തലങ്ങളിൽ കൂടുതൽ പരിപാടികൾ ക്രമീകരിച്ച് നടപ്പിലാക്കേണ്ട താണ്. ഈ പ്രക്രീയയെ സഹായിക്കുവാൻ അതിരൂപതാ ഡയറക്റ്റർമാർ അതാത് ഫെറോനകളിൽ വരുന്ന വിവരം ഇതിനകം ഫൊറോന വികാരിമാരെ അറിയിച്ചിട്ടുണ്ട്. ഫെറോന വികാരിമാരും, ഫെറോന സെക്രട്ടറിമാരും, ഫെറോന ശുശ്രൂഷാ കോർഡിനേറ്റർ



മാരും, ആനിമേറ്റർമാരും ഇടവക കൗൺസിൽ അംഗങ്ങളും ഫെറോന കൗൺസിലും ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി വേണ്ട ഒരുക്കങ്ങൾ നടത്തണമെന്ന് അപേക്ഷിക്കുന്നു. ഇടവക - ഫെറോന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് അതിരൂപതാ വികേന്ദ്രീകരണം സാദ്ധ്യമാക്കാൻ നമുക്ക് കൂട്ടായി പരിശ്രമിക്കാം. അങ്ങനെ അതിരൂപത നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് 2018 - 19 പദ്ധതി - ബഡ്ജറ്റ് തയ്യാറാക്കൽ പൂർത്തിയാക്കു കയും ഏപ്രിൽ 1-ാം തീയതി മുതൽ അവ പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്.

സ്നേഹത്തോടെ

| | |
|---|---|
| **Rev. Dr. Edison YM** | **† സൂസപാക്യം എം.** |
| Chancellor | തിരുവനന്തപും മെത്രാപ്പോലീത്ത |

# FEBRUARY 2018

## A.EPISCOPAL ORDINATION ANNIVERSARY

02nd February 2018 is the 28th Anniversary of the Episcopal Consecration of His Grace our Archbishop Most Rev. Dr. Soosa Pakiam M. Special intention for the Archbishop should be added in the prayer of the faithful during the Holy Eucharist and kindly exhort the faithful to offer their family prayers for our Archbishop. The Archdiocesan Curia, on behalf of the Clergy, Religious and Laity of the Archdiocese, expresses our sincere congratulation and prayerful wishes to our Archbishop.

## B.RELIGIOUS DAY CELEBRATION

Religious Day celebrations of this year will be on 2nd February 2018, at parish level by making special prayers for the Consecrated people in the Parish and Archdiocese; and organizing various programmes as per the plans of the parish.

## C.BIRTHDAYS

| | |
|---|---|
| 1. Rev. Fr. Pradeep Joseph | 01.02.1975 |
| 2. Rev. Fr. Binu Joseph Alex | 02.02.1979 |
| 3. Rev. Fr. Shijin A | 03.02.1990 |
| 4. Rev. Fr. George Kooliath OFM Cap | 03.02.1946 |
| 5. Rev.Fr. Jayant Mary Cherian, OFM Cap | 06.02.1983 |
| 6. Rev. Fr. Joseph Valliamthadathil CMF | 06.02.1959 |
| 7. Rev. Fr. Dasappan S.J | 09.02.1962 |
| 8. Rev. Fr. Joseph Vallipalam | 10.02.1942 |
| 9. Rev. Fr. Anoop Kalathithara OSJ | 10.02.1983 |
| 10. Rev. Fr. Shaji Silva | 11.02.1979 |
| 11. Rev. Fr. Sebastian C. Pereira | 14.02.1925 |
| 12. Rev. Fr. Antony S.B. | 16.02.1978 |



| | |
|---|---|
| 13. Rev. Fr. Shabin L. | 16.02.1981 |
| 14. Rev. Fr. Sylvester Kuris | 17.02.1966 |
| 15. Rev. Fr. Darwin Peter | 17.02.1974 |
| 16. Rev. Fr. Robinson F. | 18.02.1962 |
| 17. Rev. Fr. Stephen Jose Methachery | 18.02.1941 |
| 18. Very Rev. Fr. Joseph Baskaran | 18.02.1964 |
| 19. Rev. Dr. Augustine John | 23.02.1966 |
| 20. Rev. Fr. Yesudas Remias | 23.02.1980 |

## D.ORDINATION DAYS

| | |
|---|---|
| 1. Rev. Fr. Jofin Amarakkattu HGN | 14.02.1999 |

## E.DECEASED PRIESTS

| | |
|---|---|
| 1. Rev. Fr. Cleetus Gomez | 05.02.2013 |
| 2. Rev. Fr. Antony Pereira | 07.02.1974 |
| 3. Rev. Fr. Joseph Arattukulam | 07.02.1992 |
| 4. Rev. Fr. Augustine Conception | 09.02.1964 |
| 5. Rev. Fr. Pious OCD | 11.02.1948 |
| 6. Rev. Fr. Cyriac Vettikkapalli | 26.02.1947 |

## F.PERPETUAL DAY ADORATION

| | |
|---|---|
| 1. St. Sebastian's Church, Mungoode | 08.02.2017 |
| 2. Holy Spirit Church, Mampally | 10.02.2017 |
| 3. St. Jacob's Forane Church, Pulluvila | 11.02.2017 |

## G. APPOINTMENT ORDERS

Rev. Fr. Ashlin Jose - appointed as Bursar St.Jacob's BEd College Menamkulam, Kazhakuttom with effect 12th January 2018.

## H.CONDOLENCE

Ratheesh David (30) Nephew of Fr.Santhappan M died during Ockhi and buried on 05.12.2017 at St Jacob's forane church Pulluvila.

Clement.C(60) Brother of Fr.Raymond Joy(late) & Johny Musician, staff Bishop's House
died on 03.01.2018 and buried on 04.01.2018 at St.Sebastians Church Balaramapuram.

Martin Gomez (84), brother of (late)Fr. Cletus Gomez buried on 08.01.2018 at Puthukurichy Church

Mr.PANIYADIMA(52)Brother of Fr.Andrew IVD died during Ockhi buried on 09.01.2018. at St. Thomas Church Poonthura,

Sr. Janice Sister of Fr. Joseph Pererira died on 22.01.2018 and buried on 23.01.2018 at Chempumukku ( kakanadu)

Our heartfelt condolences to all the concerened.

**Rev. Dr. Edison YM**
Chancellor





**STATUS OF CASES AT THE END OF 2017**

| | | |
|---|---|---|
| PENDING CASES AT THE END OF 2016 | - | 242 |
| RECEIVED 2017 | - | 094 |
| TOTAL | - | 336 |
| DECREED | - | 108 |

| | | |
|---|---|---|
| CLOSED DUE TO NON CO-OP, Duplication | } | 013 |
| RECONCILED | | 006-019 |
| | | 127 |

336 -
127

209

***BALANCE CASES AT THE END OF 2017 - 209***

## Metropolitan Tribunal News
## January – 2018

| | | |
|---|---|---|
| Number of Cases at the beginning of 2018 January | - | 209 |
| Received Cases in the Month of January | - | 008 |
| Total | = | 217 |
| Decreed Cases | | - 04 |

| | |
|---|---|
| Balance Cases = | 217-4 = 213 |

**Decreed Cases - 04**

1. Case No: MTLAT/14/2016 between Neethu Nepolean and Josy Thankachan
2. Case No: MTLAT/57/2015 between Smitha G.S. and Santhosh Kumar
3. Case No: MTLAT/44/2008 between Lawrence and Josephy
4. Case No: MTLAT/37/2009 between Jackson and Margaret

**Fr. Gladin Alex**
Judicial Vicar





# ബിസിസി ഫെറോനകളിൽ

## അഞ്ചുതെങ്ങ് ഫെറോന

ഫെറോന എക്സിക്യൂട്ടീവ് യോഗം നടത്തി. ഫെറോനയിലെ എല്ലാ വൈദികരും കൗൺസിൽ അംഗങ്ങളും ഓഖി ദുരന്ത പ്രദേശം സന്ദർശിച്ചു. ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്തു. 6 ലക്ഷം രൂപയോളം ഓഖി ദുരന്ത നിവാരണ ഫണ്ട് രൂപീകരിച്ചു. ഇടവകതലത്തിൽ ഫണ്ട് രൂപീകരണം നടക്കുന്നു.

ബിസിസി ജനറൽ ബോഡി യോഗം എല്ലാ ഇടവകയിലും നടന്നു. മാമ്പള്ളിയിൽ 4 യൂണിറ്റിന്റെയും വെന്നിക്കോട് ഒരു യൂണിറ്റിന്റെയും വാർഷികം നടത്തി. വെന്നിക്കോട് ഹോളിഎയ്ഞ്ചൽ യൂണിറ്റ് ക്രിസ്തുമസ്സിന് ആറ്റിങ്ങൽ കരുണാലയത്തിൽ കേക്ക് മുറിച്ചു. ഉച്ചഭക്ഷണം നൽകി ആഘോഷിച്ചു.

## പാളയം ഫെറോന

പാളയം ഫെറോന ബിസിസി കമ്മിഷൻ യോഗം 6-ാം തീയതി ശനിയാഴ്ച വെള്ളയമ്പലം ഇടവകഹാളിൽ കൂടി. 2017 വർഷത്തെ പ്രവർത്തനം വിലയിരുത്തി പോരായ്മകൾ പരിഹരിക്കുവാൻ നിർദ്ദേശങ്ങൾ പങ്കുവച്ചു. സിനഡിനോടനുബന്ധിച്ച് നടത്തിയ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ സർവ്വേ 2018 ജനുവരിയിൽ പുതുക്കുന്നതിനു തീരുമാനിച്ചു. അതിനുള്ള ഫോറം വിതരണം ചെയ്തു. ഓരോ ശുശ്രൂഷക്കും ആവശ്യമായ വിവരങ്ങൾ ലഭിക്കത്തക്കവണ്ണം ശുശ്രൂഷാ നേതൃത്വത്തിന്റെ ഉത്തരവാദിത്വത്തിൽ സർവ്വേ ഫലം പുതുക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. കണ്ടെലുകളുടെ അടിസ്ഥാനത്തിലായിരിക്കണം പുതിയ പ്ലാനും ബജറ്റും തയ്യാറാക്കേണ്ടത് എന്ന് തീരുമാനിച്ചു.

**ഇടവകതലം**: 16 ഇടവകകളിൽ എല്ലാ യൂണിറ്റു യോഗങ്ങളും നടന്നു. 3 ഇടവകകളിൽ ഭാഗീകമായി നടന്നു. 14 ഇടവകകളിൽ ലീഡേഴ്സ് യോഗം നടന്നു. മൂന്ന് സബ് സ്റ്റേഷനുകളിൽ ലീഡേഴ്സ് യോഗം പതിവില്ല.

**പാളയം കത്തീഡ്രൽ**: എല്ലാ സമിതികളും മുൻവർഷ പ്രവർത്തനം വിലയിരുത്തി. റിപ്പോർട്ടു സമർപ്പിക്കാനുള്ള ശ്രമത്തിലാണ്. രണ്ടു ശുശ്രൂഷകൾ റിപ്പോർട്ടു സമർപ്പിച്ചു. സെന്റ് ജോസഫ് എൽ.പി. എസ് നവീകരിക്കുന്നതിന് ഇടവക നേതൃത്വം വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയെ ഏല്പിച്ചു. മൂന്നരലക്ഷം രൂപ ചെലവഴിച്ചു. ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി സ്കൂളിന്റെ പൈതൃകം കാത്തുസൂക്ഷിക്കുവാൻ ഇടവക പരിശ്രമിക്കുന്നു. കോർഡിനേറ്റർ സെന്റ് റോബർട്ട്, ചാൾസ് ബോബൻ, ജമ്മ ഗൽക്കാനി, സെന്റ് ജോസഫ് യൂണിറ്റുകൾ സന്ദർശിച്ചു പ്ലാനിംഗിന് സഹായിച്ചു.

**മണക്കാട്**: ഇടവക പള്ളിയുടെ നിർമ്മാണം രണ്ടരവർഷം തടസപ്പെട്ടു കിടന്നത് പരിഹരിച്ചു രമ്യതയിലൂടെ പുതിയ പള്ളിപണിതുയർത്തി പൂർത്തിയാക്കിയ റവ.ഫാ.ജോസഫ് ഊന്നുപാലത്തിങ്കലിന്റെ ദേവവിയോഗത്തിൽ അനുശോചിക്കുകയും മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കുകയും പ്രത്യേക കുർബാന അർപ്പിക്കുന്നതിൽ ജടവക ജനം പങ്കെടുത്തു. അഖണ്ഡജപമാല, ദിവ്യകാരുണ്യ ആരാധന, കരിസ്മാറ്റിക് പ്രാർത്ഥന, ലീജിൻ ഓഫ് മേരി അംഗങ്ങളുടെ പ്രാർത്ഥന ഇടവകയിൽ ആത്മീയ വളർച്ചക്ക് കാരണമാകുന്നുണ്ട്.

**വഴയില**: ഇടവക സംഗമത്തിനുള്ള ദീർഘമായ ഒരുക്കം നടത്തി 28-ാം തീയതി സംഗമം നടന്നു. 8.15 ന് ഫെറോന ബിസിസി വൈദിക കോർഡിനേറ്റർ റവ.ഫാ.ആന്റണി സിൽവസ്റ്ററിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള ദിവ്യബലിയോടുകൂടി ആരംഭിച്ചു. 10.30 മുതൽ 12.30 വരെ മോൺ. ജയിംസ് കുലാസ് ക്ലാസ്സെടുത്തു. 4 മണിക്ക് വിവിധ യൂണിറ്റുകൾ, ശുശ്രൂഷകൾ, ഗ്രൂപ്പുകൾ എന്നിവരുടെ കലാപരിപാടികൾ ഉണ്ടായിരുന്നു. മതബോധന കുട്ടികൾക്ക് പ്രത്യേക സെമിനാർ ഉണ്ടായിരുന്നു.

**കുറവൻകോണം**: ഓഖി ദുരന്ത ബാധിത 30 ഭവനങ്ങൾ സന്ദർശിച്ചു പ്രാർത്ഥിക്കുകയും സഹായ വിതരണം നടത്തുകയും ചെയ്തു. ഓരോ യൂണിറ്റിലുമുള്ള രോഗികൾ, നിർധനർ എന്നിവരെ സന്ദർശിച്ചു സഹായം നൽകുന്ന പതിവ് തുടരുന്നു.

**കുടപ്പനക്കുന്ന്:** ലീഡേഴ്സ് യോഗത്തിൽ പാരീഷ് ഹാൾ നിർമ്മാ



ണം, സെമിത്തേരിയിലെ സെല്ലാർ നിർമ്മാണം, പള്ളിയുടെ പുതുക്കിപ്പണി എന്നിവയുടെ പ്രാരംഭ ചർച്ച നടന്നു. യൂണിറ്റു യോഗങ്ങൾ സജീവമാക്കാൻ എല്ലാ ശുശ്രൂഷകളും സജീവമായി യൂണിറ്റടിസ്ഥാനത്തിൽ നടത്താനുള്ള ശ്രമം ആരംഭിച്ചു.

**നെട്ടയം:** ശനി. ഞായർ ദിവസങ്ങളിൽ സൗജന്യമായി പി.എസ്.സി കോച്ചിംഗ് ക്ലാസ്സുകൾക്ക് വേണ്ട സൗകര്യമൊരുക്കി നടത്തുന്നു. വൈദീകനും സിസ്റ്റേഴ്സും കോർഡിനേറ്ററും യൂണിറ്റു യോഗങ്ങൾ സന്ദർശിക്കുന്നതാണ്.

**മുടവൻമുഗൾ**: വേളാങ്കണ്ണി തീർത്ഥയാത്ര, നോമ്പാചരണം എന്നിവ പ്ലാനിട്ടു ഒരുക്കങ്ങൾ നടത്തുന്നു.

**ക്രിസ്തുരാജപുരം**: ഓഖി ദുരിതബാധിതർക്കുവേണ്ടി സഹായനിധി ശേഖരിച്ചു അടിമലത്തറ ഇടവകയിൽ 60 പേർ സന്ദർശിച്ചു. യുവജനങ്ങൾ "പ്രത്യാശ" എന്ന ഹ്രസ്വ ചിത്രം നിർമ്മിച്ചു കേരളാതലത്തിൽ പ്രോത്സാഹന സമ്മാനവും സർട്ടിഫിക്കറ്റും ലഭിച്ചു. 26 -ാം തീയതി ഫെറോനയിലെ 19 ഇടവകകളിലെയും യുവജനങ്ങളെ സംഘടിപ്പിച്ചു ലാമ്പ് കോഴ്സിന് അർഹരായവരെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചു.

**തൃക്കണ്ണാപുരം**: ദീർഘനാളായി മുടങ്ങിക്കിടന്ന ബിസിസി ലീഡേഴ്സ് യോഗം ഈ മാസം പുനരാരംഭിക്കാൻ കഴിഞ്ഞു. നോമ്പുകാല ആചരണം ഇടവക തിരുനാളാഘോഷം എന്നിവ നന്നായി പ്ലാൻ ചെയ്തു ഉത്തരവാദിത്വങ്ങൾ പങ്കാളിത്ത സ്വഭാവത്തിൽ വിഭജിച്ചു നൽകി.

**പുന്നയ്ക്കാമുകൾ**: യൂണിറ്റുയോഗങ്ങളിൽ ജന്മദിനം, വിവാഹ വാർഷികം വിജയം എന്നിവ ഞായറാഴ്ച പള്ളിയിൽ അറിയിച്ച് അനുമോദിക്കുന്ന പതിവ് തുടരുന്നു. യൂണിറ്റടിസ്ഥാനത്തിൽ സാമ്പത്തിക സഹായം തുടരുന്നു.

**പൂഴിക്കുന്ന്**: എല്ലാ യൂണിറ്റു യോഗങ്ങളിലും വൈദികനും കോർഡിനേറ്ററും സംബന്ധിക്കുന്ന പതിവ് തുടരുന്നു.

**കിള്ളിപ്പാലം:** ഓഖിദുരിതാശ്വാസമായി യൂണിറ്റുകളിൽ നിന്ന് 65000 രൂപ ശേഖരിച്ചു ഇടവകയെ ഏല്പിച്ചു. ഇടവക വിഹിതവും ചേർത്ത്

രൂപതയെ ഏല്പിക്കും.

**തൈക്കാട്:** സാധുവിന്റെ വിവാഹ ആവശ്യത്തിന് 15000 രൂപ സഹായം നല്കി. ലോഗോസ് ക്വിസിനുള്ള ഗൈഡ് പകുതിവിലക്ക് ലഭ്യമാക്കുന്നു. അതിനായി പഠന ക്ലാസും നടത്തുന്നു. ഗവൺമെന്റ് ആശുപത്രി (തൈക്കാട്) പുതുജന്മ ശിശുക്കൾക്ക് വസ്ത്രം, കളിപ്പാട്ടം, മറ്റു സഹായങ്ങൾ എല്ലാ മാസവും അർഹരായ 25 ശിശുക്കൾക്ക് നൽകാൻ തുടങ്ങി.

എല്ലാ ഇടവകകളിലും യൂണിറ്റുകളിലും പുതിയ പ്ലാനും ബജറ്റും തയ്യാറാക്കാനുള്ള സന്ദേശം എത്തിച്ചുക്കൊണ്ടിരിക്കുന്നു

**ഫാ. ആന്റണി സിൽവസ്റ്റർ**
കോഓഡിനേറ്റർ

**വൈ. സെബാസ്റ്റ്യൻ**
ആനിമേറ്റർ

.



# അജപാലനശുശ്രൂഷ

**ഫെറോന വൈദിക കോ-ഓർഡിനേറ്റേഴ്സ് യോഗം**

ജനുവരി മാസം 25-ാം തിയതി ഫെറോനാതല അജപാലനശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്ന വൈദികരുടെ യോഗം അജപാലനശുശ്രൂഷ ഓഫീസിൽ വച്ച് കൂടുകയുണ്ടായി. ഫെബ്രുവരി മാസം 25-ാം തിയതി നടക്കുന്ന മതബോധന പരീക്ഷയെക്കുറിച്ചും തുടർന്നുള്ള മുന്ന് പ്രവർത്തി ദിവസങ്ങളിൽ കുട്ടികൾക്കുവേണ്ടി മൂന്ന് പ്രത്യേകവിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നല്കാൻ തീരുമാനിച്ചു. തുടർന്ന് 2018-19 വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഫെറൗോനയിൽ ഊന്നൽ നല്കേണ്ട മേഖലകൾ, ദൗത്യങ്ങൾ ഏതാണെന്നും അതിന് സഹായകമാകുന്ന വിധത്തിൽ 9 കമ്മിഷനുകളെക്കുറിച്ച് ഒരു ലഘു രേഖ നല്കുകയും ചെയ്തു. പ്രസ്തുത ദൗത്യങ്ങൾ ചുവടെ ചേർക്കുന്നു. 2018-19 ഇടവക ഫെറോന പദ്ധതി ആവിഷ്കരിക്കുമ്പോൾ അജപാലനശുശ്രൂഷയിൽ ഈ ദൗത്യങ്ങൾക്ക് ഊന്നൽ നല്കേണ്ടതാണ്.

**1. ബൈബിൾ**

**ദൗത്യം:**

1. ബൈബിൾ ക്വിസ് (ഇടവക)
2. ബൈബിൾ പഠനം - സദ്ബോധന ബൈബിൾ സ്കൂൾ - (അതിരൂപത/ഫെറോന/ ഇടവക)
3. ബൈബിൾ സൊസൈറ്റിയിൽ അംഗമാകൽ (അതിരൂപത)
4. ബൈബിൾ കലോത്സവം (ഫെറോന/അതിരൂപത)
5. അവധിക്കാല ബൈബിൾ സ്ക്കൂൾ (ഇടവക)
6. അവധിക്കാല ബൈബിൾ സ്ക്കൂൾ പരിശീലനം - TOT (അതിരൂപത)
7. ബൈബിൾ ഡയറി (അതിരൂപത)
8. ബൈബിൾ പാരായണം (ഇടവക)

9. ബൈബിളിന്റെ ദൈവീക വായന (ഇടവക)
10. ബൈബിൾ വിതരണം (അതിരൂപത)
11. ബൈബിൾ സെമിനാർ (അതിരൂപത/ഫെറോന/ഇടവക)
12. ബൈബിൾ ക്വിസിൽ 80% ത്തിലധികം മാർക്ക് വാങ്ങുന്നവരുടെ സംഗമം (ഫെറോന)

**2. ആരാധനക്രമം**

**ദൗത്യം:**

1. ഇടവക ആരാധന ടീം രൂപീകരണം (ഇടവക)
2. ഫെറോന ആരാധന ടീം രൂപീകരണം (ഫെറോന)
3. ആരാധന ടീമിന് ബോധവത്ക്കരണം (ഫെറോന)
   i) കൗദാശിക ജീവിതത്തിന്റെ പ്രാധാന്യം
   ii) ആരാധനയുടെ ദൈവശാസ്ത്രം
   iii) ദിവ്യബലിയുടെ വിവിധ ഭാഗങ്ങളെക്കുറിച്ചുള്ള പഠനം
   iv) ഫലപ്രദമായ ആരാധനയുടെ ആഘോഷം
   v) അനുരഞ്ജന കൂദാശയുടെ പ്രാധാന്യം
4. ഗായകസംഘ പരിശീലനം (ഫെറോന)
5. ദൈവാലയസംഗീതം വായിക്കുന്നവർക്ക് തിരിച്ചറിയൽ കാർഡ് (അതിരൂപത)
6. അൾത്താര ശുശ്രൂഷകർക്ക് പരിശീലനം (ഫെറോന)
7. അനുരഞ്ജന ശുശ്രൂഷ സഹായി (അതിരൂപത)
8. അനുരഞ്ജന കൂദാശക്ക് ഒരുക്കം (അതിരൂപത)
9. ദിവ്യബലി ഗീതങ്ങൾ (അതിരൂപത)
10. പ്രദമ ദിവ്യകാരുണ്യം സ്ഥൈര്യലേപനം സ്വീകരിക്കുന്നവർക്ക് പുതിയ പാഠാവലി (അതിരൂപത)
11. ദിവ്യബലിമദ്ധ്യേ ദിവ്യകാരുണ്യം നല്കുന്ന സന്യസ്തർക്ക് പരിശീലനം (അതിരൂപത)
12. അൾത്താര ശുശ്രൂഷകരുടെ സംഗമം (ഫെറോന)
13. പാദക്ഷാളന കർമ്മത്തിന് തിരഞ്ഞെടുകികപ്പെടുന്നവർക്ക് പരിശീലനം (ഫെറോന)
14. പ്രഥമ ദിവ്യകാരുണ്യം സ്വീകരിക്കുന്നവരുടെ സംഗമം (ഫെറോന)



**3. ക്രിസ്തീയവിശ്വാസജീവിതപരിശീലനം**

**ദൗത്യം:**

1. അധ്യാപക പരിശീലനം
   i) അടിസ്ഥാന പരിശീലനം (അതിരൂപത)
   ii) ഉയർന്ന പരിശീലനം (ഫെറോന)
   iii) വിഷയ കേന്ദ്രീകൃത പരിശീലനം (ഫെറോന)
2. വിദ്യാർത്ഥികളുടെ നേതൃത്വപരിശീലനം (ഫെറോന)
3. പരീക്ഷകൾ (ഫെറോന/അതിരൂപത)
4. അധ്യാപകരുടെ കൂടിവരവ് (ഇടവക/ഫെറോന)
5. അധ്യാപകർക്കുവേണ്ടിയുള്ള ധ്യാനം (ഫെറോന)
6. അധ്യാപകരുടെയും മാതാപിതാക്കളുടെയും യോഗം (PTA) (ഇടവക)
7. പ്രവൃത്തി കേന്ദ്രീകൃത മതബോധനം (ഇടവക)
8. മതബോധന ഞായറാഴ്ച (വിശുദ്ധ ചാൾസ് ബെറോയിയുടെ തിരുന്നാൾ ദിനം കഴിഞ്ഞുവരുന്ന ഞായർ) കുട്ടികൾ തന്നെ ക്ലാസ് നിയന്ത്രിക്കുന്നു (ഇടവക)
9. മതബോധന പുസ്തകങ്ങളുടെ ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീകരണം ഇംഗ്ലീഷിലും മലയാളത്തിലും ചോദ്യങ്ങൾ (അതിരൂപത)
10. പ്രദമ അധ്യാപകരുടെ കൂടിവരവ് (അതിരൂപത)

**4. ദൈവവിളി, സന്യസ്തർ-വൈദികർ**

**ദൗത്യം:**

1. ലിറ്റിൽവേ അസോസിയേഷൻ അൾത്താരശുശ്രൂഷ കരുടെ ഫോറം എന്നിവ രൂപീകരിച്ച് ദൈവവിളിയെക്കുറി ച്ചുള്ള പഠനം വഴി ദൈവവിളി പ്രോത്സാഹിപ്പിക്കൽ (ഇടവക)
2. സ്കൂൾ വിദ്യാർത്ഥികൾക്ക് ദൈവവിളിയെക്കുറിച്ചുള്ള പഠനം നല്കി ദൈവവിളി പ്രോത്സാഹിപ്പിക്കൽ (ഇടവക)
3. വൊക്കേഷൻ പ്രൊമോഷൻ സെൽ രൂപീകരണം (ഫെറോന)
4. ദൈവവിളി ക്ലാസ്/ക്യാമ്പ് സംഘടിപ്പിക്കൽ (ഫെറോന)
5. സെമിനാരി, ബക്കീത്തഭവൻ സന്ദർശനം (ഇടവക)

6. ഇടവകയിൽ നിന്നുള്ള വൈദികരേയും സന്യസ്തരേയും ആദരിക്കൽ (ഇടവക)
7. നമ്മുടെ സെമിനാരി വിദ്യാർത്ഥികൾക്കും സന്യാസസഭക ളിലുള്ളവർക്കും പ്രാർത്ഥനയും സാമ്പത്തിക സഹായവും നല്കൽ (ഇടവക)

**5. സുവിശേഷവത്കരണം - കരിസ്മാറ്റിക് മുന്നേറ്റം**

**a) സുവിശേഷവത്കരണം**

**ദൗത്യം:**

1. വിശ്വാസികളിൽ മിഷൻ താല്പര്യം വളർത്തൽ (ഫൊറോന/ ഇടവക)
2. നേരിട്ടല്ലാത്ത സുവിശേഷവത്ക്കരണം (in-direct evangelization) സ്കൂൾ, ഹോസ്പിറ്റൽ, പരിസ്ഥിതി സംരക്ഷണം, കൗൺസിലിംഗ് സെന്റർ പ്രവർത്തനം എന്നിവയിലൂടെ സാധ്യമാക്കൽ (ഫെറോന)
3. നിലവിലെ മിഷൻ സ്റ്റേഷൻ ഇടവകയായി ഉയർത്തുക (ഫെ റോന/അതിരൂപത)
4. ഇടവക അതിർത്തിയിൽനിന്നും മാറി താമസിക്കുന്ന വർക്കായി ദിവ്യബലി അർപ്പണ കേന്ദ്രങ്ങൾ (Mass centres) സ്ഥാപിക്കൽ (ഫെറോന/ഇടവക)
5. സുവിശേഷവത്ക്കരണ പ്രക്രിയയിൽ ഏർപ്പെടുന്നവർക്ക് പരിശീലനം നല്കൽ (അതിരൂപത)
6. ഉപദേശിമാരുടെ കൂടിവരവ് ക്രിസ്തുമസ് ആഘോഷം (അ തിരൂപത)
7. ഉപദേശിമാരുടെ ധ്യാനം (അതിരൂപത)
8. സാക്രിസ്റ്റ്യൻസിന്റെ കൂടിവരവ് (അതിരൂപത)

**b) കരിസ്മാറ്റിക് മുന്നേറ്റം**

**ദൗത്യം:**

1. പ്രഘോഷകർക്കും ശുശ്രൂഷകർക്കുമുള്ള പരിശീലനം (അ തിരൂപത)
2. കരിസ്മാറ്റിക് നവീകരണ കൂട്ടായ്മ (ഇടവക)
3. വചനപ്രഘോഷണം, സുവിശേഷവത്ക്കരണം, നവ സുവിശേഷവത്ക്കരണം എന്നീ രംഗങ്ങളിൽ



അല്മായർക്കുള്ള പങ്ക് വർദ്ധിപ്പിക്കൽ (അതിരൂപത)
4. കുടുംബകൂട്ടായ്മയിലെ വചനവിചിന്തനം, ഭക്തസംഘടന നവീകരണം, കൂടുംബകൂട്ടായ്മയിലെ നേതൃത്വം എന്നിവ കരിസ്മാറ്റിക് നവീകരണരംഗത്ത് പ്രവർത്തിക്കുന്നവരിലൂടെ സാധ്യമാക്കൽ (ഇടവക)
5. മാസത്തിലൊരിക്കൽ ഏകദിന ധ്യാനം (ഫെറോന)
6. നേതൃത്വ രംഗത്തുള്ളവർക്ക് പ്രതിമാസ ഏകദിന ധ്യാനം (അതിരൂപത)
7. സർവ്വീസ് ടീം കൂടിവരവ് (ഫെറോന/അതിരൂപത)
8. കരിശ്മ - ഭവന സന്ദർശനം (അതിരൂപത)
9. ലഹരിക്കടിമപ്പെട്ടവരുടെ മാനസാന്തര ധ്യാനം (അതിരൂപ ത)

**6. സഭൈക്യം**

**ദൗത്യം:**

1. സഭൈക്യം ത്വരിതപ്പെടുത്തുവാനുള്ള പ്രവർത്തന ങ്ങളിൽ ഏർപ്പെടൽ
   i) പ്രാർഥന (ഇടവക/ഫെറോന)
   ii) മറ്റ് സഭാ അംഗങ്ങളുമായുള്ള കൂട്ടായ പ്രവർത്തനം (അതിരൂപത)
2. 'സഭൈക്യവാരം' (ഇടവക)
3. സഭൈക്യത്തെക്കുറിച്ചുള്ള അവബോധം വിശ്വാസികൾക്ക് നല്കുക (അതിരൂപത/ഫെറോന)
4. യൂണിറ്റി ഓക്റ്റിവ് (കഴക്കൂട്ടം, പേട്ട, പാളയം ഫെറോന കൾ)

**7. മതാന്തര സംവാദം**

**ദൗത്യം:**

1. തിരുനാൾ ആഘോഷ അവസരങ്ങളിൽ സർവ്വമത സമ്മേളനം (ഇടവക)
2. മറ്റ് മതങ്ങളുമായുള്ള സംവാദം (അതിരൂപത/ഫെറോന)
3. മതപീഢനങ്ങൾക്കെതിരായി വിവിധ മതങ്ങൾ ചേർന്നുള്ള സമ്മേളനം (അതിരൂപത/ഫെറോന)

4. മതാന്തര സംവാദത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവത്കരണം (അതിരൂപത/ഫെറോന)

**8. ദൈവശാസ്ത്രം**

**ദൗത്യം**

1. ദൈവശാസ്ത്രപഠനം - ദിവ്യബോധന തിയോളജി സെന്റർ (അതിരൂപത)
2. ദൈവശാസ്ത്രപഠനം (ഫെറോന)
3. ദൈവശാസ്ത്ര വിഷയങ്ങളുടെ പ്രത്യേക ക്ലാസ് (ഫെറോന)
4. ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയവരുടെ തുടർ പരിശീലനം (അതിരൂപത)
5. ആനുകാലിക ദൈവശാസ്ത്ര വിഷയങ്ങളെ സംബന്ധിച്ച സെമിനാർ (ഫെറോന/അതിരൂപത)

**9. കാനോൻ നിയമം**

**ദൗത്യം:**

1. കാനോൻ നിയമങ്ങളിലെ അല്മായരുടെ കടമകളും അവകാശങ്ങളും വിശ്വാസികളെ ബോധ്യപ്പെടുത്തൽ (ഫെറോന)
2. കാനോൻ നിയമത്തെ സംബന്ധിക്കുന്ന ക്ലാസ്സ് സംഘടിപ്പിക്കൽ (അതിരൂപത)

## ബൈബിൾ കമ്മിഷൻ

### A. പ്രവർത്തന റിപ്പോർട്ട്

**1) വചനം 2018**

2014 മുതൽ തിരുവനന്തപുരം അതിരൂപത അജപാലനശുശ്രൂഷ സമിതി പുറത്തിറക്കുന്ന "വചനം" ബൈബിൾ ഡയറി ഇക്കൊല്ലവും പുറത്തിറങ്ങിയിട്ടുണ്ട്. വില 150 രൂപ. ഇടവകകളിൽ വിതരണത്തിനായി ഏല്പിച്ചിട്ടുണ്ട്. ഏവരും ഇത് വാങ്ങുക.

### B. അറിയിപ്പ്

**1) വചനം 2018 (ബൈബിൾ ഡയറി 2018)**

"വചനം 2018" വില - 150/- രൂപ

**2) സദ്ബോധന ബൈബിൾ സ്ക്കൂൾ 2018**



ബൈബിൾ പഠിക്കാൻ തിരുവനന്തപുരം അതിരൂപത ബൈബിൾ കമ്മിഷൻ ഒരുക്കുന്ന **"സദ്ബോധന ബൈബിൾ സ്ക്കൂൾ"** നാലാം ബാച്ചിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിക്കുന്നു. **10** യൂണിറ്റുകളായി തിരിച്ച് **10** മാസം നീണ്ടുനിൽക്കുന്ന ബൈബിൾ പഠനമാണ് ഒരുക്കിയിട്ടുള്ളത്. ഓരോ യൂണിറ്റും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അതിരൂപത ഒരു പ്രധാന പരിപാടിയിൽ അതിരൂപതാദ്ധ്യക്ഷൻ **"Diploma in Biblical Studies"** സർട്ടിഫിക്കറ്റ് നല്കി ആദരിക്കുന്നതായിരിക്കും. 2018 ജനുവരി 31-ാം തിയതിക്ക് മുമ്പായി അപേക്ഷ ഫോറം പൂരിപ്പിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന തിയതികൾ : **2018 ഫെബ്രുവരി 17, മാർച്ച് 17, ഏപ്രിൽ 21, മെയ് 19, ജൂൺ 16, ജൂലൈ 21, ആഗസ്റ്റ് 18, സെപ്തംബർ 15, ഒക്ടോബർ 20, നവംബർ 17.** ക്ലാസ്സുകൾ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടത്തുന്നു. രാവിലെ 9.30-ന് ആരംഭിക്കുന്ന ക്ലാസ്സുകൾ വൈകുന്നേരം 4.00 മണിക്ക് അവസാനിക്കും. ഓരോ യൂണിറ്റും പഠിച്ച് കഴിഞ്ഞ് പുസ്തകത്തിന്റെ പഠനാവസാനം നല്കിയിരിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം എഴുതി അടുത്ത ക്ലാസിനു മുമ്പായി നൽകേണ്ടതാണ്.

ക്ലാസിൽ ചേരുവാൻ താല്പര്യമുള്ളവർ അതിരൂപതാ അജപാലന ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. 40 പുസ്തകങ്ങൾ, ക്ലാസ് ഫീ, ഭക്ഷണം എന്നിവ ഉൾപ്പെടെ 2000/- രൂപ രജിസ്ട്രേഷൻ ഫീസായി അടയ്ക്കേണ്ടതാണ്.

**3) സദ്ബോധന ബൈബിൾ സ്ക്കൂൾ (III Batch)**

സദ്ബോധന ബൈബിൾ സ്ക്കൂൾ മൂന്നാം ബാച്ചിൽ പങ്കെടുത്തവരുടെ ക്ലാസ്സുകൾ അവസാനിച്ചു. 67 പേർ പഠിതാക്കളായെത്തിയതിൽ 36 പേർ വിജയകരമായി കോഴ്സ് പൂർത്തിയാക്കി. 2018 ഫെബ്രുവരി 24-ന് സൂസപാക്യം മെത്രാപ്പോലീത്ത മൂന്നാം ബാച്ചിലെ കോഴ്സ് പൂർത്തിയാക്കിയവർക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റും Momento യും വിതരണം ചെയ്യുന്നു.

## ക്രിസ്തീയവിശ്വാസജീവിതപരിശീലന കമ്മിഷൻ

### A. അറിയിപ്പ്

### 1) എക്സിക്യൂട്ടീവ് മീറ്റിംഗ്

14.01.2018-ൽ കൂടിയ എക്സിക്യൂട്ടീവ് യോഗത്തിൽ ചർച്ചയിലൂടെ കൈകൊണ്ട തീരുമാനങ്ങൾ

- ✧ 8, 9, 10 ക്ലാസ്സുകളിലെ പഠനസഹായി, ഇംഗ്ലീഷ് പാഠപുസ്തകം ഇവ അടുത്ത അധ്യായന വർഷം മുതൽ ലഭ്യമാകും.
- ✧ ഇടവക നിരീക്ഷണം തുടർന്നുകൊണ്ടിരിക്കും.
- ✧ രണ്ടാം സെമസ്റ്റർ പരീക്ഷ കഴിഞ്ഞുവരുന്ന മൂന്ന് അധ്യായന ദിവസങ്ങളിൽ (മാർച്ച് 4, 11, 18) എടുക്കേണ്ട പാഠ്യവിഷയം :

  1 മുതൽ 3 വരെ - ബൈബിൾ കഥകൾ, പാട്ടുകൾ, പ്രാർത്ഥനകൾ
  4 മുതൽ 8 വരെ - കൂദാശകൾ, പ്രാർത്ഥനകൾ
  9 മുതൽ പി.ജി.വരെ - കുമ്പസാരം, ദിവ്യബലി
- ✧ അധ്യായന സമാപന ദിനത്തിൽ ധ്യാനം കുമ്പസാരം എന്നിവ നടത്തുന്നത് ഉചിതമായിരിക്കും. അവധിക്കാല ബൈബിൾ ക്ലാസ്സ് ഇടവക തലത്തിൽ ഏപ്രിൽ 23, 24, 25 തീയതികളിൽ നടത്തേണ്ടതാണ്.
- ✧ അവധിക്കാല ബൈബിൾ ക്ലാസ് നയിക്കുന്ന അധ്യാപകർക്കായുള്ള അതിരൂപതാ പരിശീലനം ഏപ്രിൽ മാസം 4-ാം തീയതി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് രാവിലെ 9.30 മണി മുതൽ വൈകുന്നേരം 4.30 വരെ നടത്തുന്നതായിരിക്കും.
- ✧ കെ.ആൽ.എൽ.സി.സി.യുടെ വി.ബി.എസ്. പഠനോപകരണങ്ങൾ (പഠനസഹായി, വർക്ക് ബുക്ക്, അധ്യാപക സഹായി) ആവശ്യമുള്ള ഇടവകകൾ അവയുടെ എണ്ണം മാർച്ച് 14-ാം തീയതിയ്ക്ക് മുമ്പായി അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.
- ✧ ഈ അധ്യായന വർഷം മുതൽ ഫെറോന വാർഷികം നടത്തി. അതിരൂപതാ തല പരീക്ഷയിൽ ഡിസ്റ്റിംഗ്ഷൻ, ഫെറോന ഫസ്റ്റ് സമ്മാനം, ലോഗോസ് ക്വിസിൽ 70%-ൽ കൂടുതലുള്ള



വർക്കുള്ള സർട്ടിഫിക്കറ്റുകൾ എന്നിവ വിജയികൾക്ക് അന്നേ ദിവസം വിതരണം ചെയ്യേണ്ടതാണ്.

### 2) പരീക്ഷബോർഡ് മീറ്റംഗ്

രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകൾ പരീക്ഷാബോർഡ് അംഗങ്ങൾ തയ്യാറാക്കി.

## ആരാധന കമ്മിഷൻ

### A. പ്രവർത്തനം

ദിവ്യബലിയിൽ സംബന്ധിക്കാൻ ദൈവാലയത്തിൽ എത്തുന്നതിന് മുമ്പ് തന്നെ ഭവനത്തിലിരുന്ന് ദിവ്യബലി മധ്യേയുള്ള വായനകൾ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും വായിക്കുവാനും വ്യക്തിപരമായ ധ്യാനത്തിനും പ്രാർഥന യ്ക്കും വിശുദ്ധഗ്രന്ഥ വായനകളെ ഉപയോഗപ്പെടുത്താനും വിശ്വാസികൾക്ക് സഹായകമായ ദിവ്യബലി വായന സൂചിക തയ്യാറാക്കി.

### B. അറിയിപ്പ്

1. "നമുക്ക് പ്രാർഥിക്കാം" എന്ന കുടുംബ പ്രാർഥന പുസ്തകം ലഭ്യമാണ്. പുസ്തകത്തിന്റെ വില **30/-** രൂപ.
2. പരിഷ്കരിച്ച ദിവ്യബലിയുടെ ഗാനരൂപം സിഡിയിൽ ലഭ്യമാണ്.
3. ദിവ്യബലി വായന സൂചിക 2018 വില = 10 രൂപ

## ദൈവശാസ്ത്രം

### A. പ്രവർത്തനം

### 1) "ദിവ്യബോധന" ദൈവശാസ്ത്രപഠന കോഴ്സ്

"ദിവ്യബോധന" ദൈവശാസ്ത്ര പഠനകോഴ്സ് ജനുവരി 20-ാം തിയതി ശനിയാഴ്ച രാവിലെ 9.30 ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. അതിൽ 45 പേർ പങ്കെടുത്തു. "മർക്കോസിന്റെ സുവിശേഷം ലൂക്കായുടെ കൃതികൾ: ഒരു ആമുഖ പഠനം" എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. ലോറൻസ് കുലാസ് ക്ലാസ്സുകൾ നല്കി.

**അറിയിപ്പ്**

1. "ദവ്യബോധന" ദൈവശാസ്ത്ര പഠന കോഴ്സിന്റെ അടുത്ത ക്ലാസ് ഫെബ്രുവരി 17-ാം തിയതി ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടും. വിഷയം: "സഭാവിജ്ഞാനിയം"

## കരിസ്മാറ്റിക് മുന്നേറ്റം

**A. പ്രവർത്തനം**

**1. തെരഞ്ഞെടുപ്പ്**

201819 വർഷങ്ങളിലേക്കുള്ള സോണൽ സർവ്വീസ് പ്രതിനിധികളെ പുനസംഘടിപ്പിച്ചു. ക്രിസ്തുദാസ് എൽ. ജോസ് (കോ-ഓർഡിനേറ്റർ), ഡോ. സന്തോഷ് ബാബു (സെക്രട്ടറി), അജിത് പെരേര (ഖജാൻജി), നിക്സൺ ലോപ്പസ്, ഡേവിഡ് സി. വി., ആന്റണി എ., ജോയി ആന്റണി, ജോയിസ് പയസ് ഗോമസ്, ഷാഹിതാ അനീറ്റ എന്നിവരാണ് പുതിയ ഭാരവാഹികൾ. ജനുവരി മാസം 9,10 തിയതികളിൽ എമ്മാവൂസിൽ നടന്ന കൈവെയ്പ് ശുശ്രൂഷയിലൂടെ കോ-ഓർഡിനേറ്റർ ശ്രീ. ക്രിസ്തുദാസിന്റെ നേതൃത്വത്തിൽ സോണിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു.

**2) മിനിസ്ട്രിയിലെ ബന്ധപ്പെട്ട അംഗങ്ങൾ**

സോണിലെ വിവിധ മിനിസ്ട്രിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ താഴെപ്പറയുന്നവരാണ്: ശ്രീ. നിക്സൺ ലോപ്പസ് (ജീസസ്സ് യൂത്ത്), ശ്രീ. ആന്റണി എ. (കെരിഗ്മ), ശ്രീ. സേവിഡ് സി.വി., (ഇടവക), ശ്രീമതി ജോയി ആന്റണി (മധ്യസ്ഥ പ്രാർഥന), ശ്രീമതി ജോയിസ് പയസ് ഗോമസ് (തൂവാനിസ്), ശ്രീമതി ഷാഹിതാ അനീറ്റ (സിംഗിൾസ്).

**3) തിരിച്ചറിയൽ കാർഡ് വിതരണം**

രണ്ട് ബാച്ചുകളിലായി തിരിച്ചറിയൽ കാർഡ് ലഭിച്ച 80 ശുശ്രൂഷകരേയും ഒരുമിച്ച് വിളിച്ച് ഒരുകൂടിവരവ് 2018 ജനുവരി 3-ാം തിയതി സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി നടന്ന ചർച്ചയിൽ ശുശ്രൂഷകൽക്കുള്ള ഒരു പ്രതിനിധി സംഘത്തിന് രൂപം നല്കി. എല്ലാ സബ് സോണുകൾക്കും പ്രതിനിധ്യം നല്കിയുള്ള ഒരു ടീമിനെയാണ് എടുത്തത്: ശ്രീ. മൈക്കിൾ നായഗം (തൂത്തൂർ), ശ്രീ. അനിൽകുമാർ (പുല്ലുവിള), ശ്രീ. സഖറിയാസ് (കോവളം), ശ്രീ.



ഗോഡ് ഫ്രൈ (വലിയതുറി), ശ്രീ തോമസ് (പുതുക്കുറിച്ചി), ശ്രീ. അജിത്ത് പെരേര (അഞ്ചുതെങ്ങ്), ശ്രീ. ജോയിസ് പയസ് (പേട്ട), ഡോ. സന്തോഷ് ബാബു (പാളയം).

**4) കുടുംബനവീകരണധ്യാനം**

പാളയം ഫെറോനയുടെ കീഴിലുള്ളകുന്നുകുഴി സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ ജനുവരി മാസം 22,23,24 തിയതികളിൽ സോണിന്റെ നേതൃത്വത്തിൽ ഒരു കുടുംബനവീകരണ ധ്യാനം സംഘടിപ്പിച്ചു. റവ. ഫാ. ഹെൻസിലിൻ, റവ. ഫാ. ജോസഫ് എൽക്കിൻ, റവ. ഫാ.ജോർജ്ജ് കുട്ടി, ശ്രീ. ആന്റണി, ശ്രീ. ഗോഡ്ഫ്രൈ, ശ്രീ. അജിത്ത് പെരേര എന്നിവർ ധ്യാനം നയിച്ചു.

**5) ഏകദിനധ്യാനം**

സോണിലെ പ്രാർഥന കൂട്ടായ്മ ലീഡേഴ്സിനുവേണ്ടി പാളയം മെട്രോപോളിറ്റൻ ദൈവാലയ ആഡിറ്റോറിയത്തിൽ വച്ച് ഏകദിനധ്യാനം നടത്തി. ജപമാല, സ്തുതിപ്പ്, വചന പ്രഘോഷണം എന്നിവ ഉണ്ടായിരുന്നു. ശ്രീ. അജിത് പെരേര വചനപ്രഘോഷണം നടത്തി.

**6) ധനസഹായം നൽകൽ**

ഓഖി ദുരന്തത്തിൽപ്പെട്ട് വിഷമിക്കുന്ന മുൻ വിഴിഞ്ഞം സബ്സോൺ കോ-ഓർഡിനേറ്റർ ശ്രീ. പൊൻസിലിക്ക് 25,000/- രൂപയും ഇപ്പോഴത്തെ സബ്സോൺ മെമ്പറായ ശ്രീമതി ഷീജയ്ക്ക് 10,000/- രൂപയും സോണിൽ നിന്ന് നല്കി.

**7) മുക്തിധ്യാനം**

മേനംകുളത്തുള്ള അനുഗ്രഹഭവനിൽ ഈ മാസം 5-ാം തിയതി മുതൽ 13 വരെ സോണിന്റെ നേതൃത്വത്തിൽ ധ്യാനം നടന്നു. ഫാ. എൽകിൻ ജോസഫ്, ഫാ. അനീഷ് ഫെർണാണ്ടസ്, ഫാ. ഡോണി ഡി. പോൾ എന്നിവരാണ് ധ്യാനം നയിച്ചത്.

# കുടുംബപ്രേഷിത ശുശ്രൂഷ

**മാനസിക ആത്മീയ ടീം**

മാനസിക ആത്മീയ ടീമിന്റെ യോഗം 16/1/2018 ഉച്ചതിരിഞ്ഞ് 3 മണിക്ക് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് കൂടുകയുണ്ടായി. ഈ യോഗത്തിൽ ഫാ. മൈക്കിൾ തോമസ് (ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി), ഫാ. എ. ആർ. ജോൺ (ഡയറക്ടർ, കുടുംബപ്രേഷിത ശുശ്രൂഷ), ശ്രീ. നിക്സൻ (അജപാലനശുശ്രൂഷാ പ്രതിനിധി), ഫാ. ഡയസൻ (മാനേജർ, സെന്റ് ജോസഫ് ഹയർസെക്കന്ററി സ്ക്കൂൾ), ഫാ. ക്ലീറ്റസ് (ഡയറക്ടർ, ജൂബിലി ആശുപത്രി), ഫാ. ജൂലിയസ് സാവിയോ. കെ. എം. (അസി. ഡയറക്ടർ, കുടുംബപ്രേഷിത ശുശ്രൂഷ), സി. ഫൗസ്റ്റീന (കൗൺസിലർ, കുടുംബപ്രേഷിത ശുശ്രൂഷ)എന്നിവർ ഈ യോഗത്തിൽ സന്നിഹിതരായിരുന്നു. പ്രാർത്ഥനയോടുകൂടി ആരംഭിച്ചയോഗത്തിൽ റവ. ഫാ. എ. ആർ. ജോൺ ഏവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തുടർപ്രവർത്തനങ്ങൾക്ക് രൂപം നൽകി.

**കൗൺസിലിംഗ് കോഴ്സ് ഒന്നും രണ്ടും ബാച്ചുകൾ**

കുടുംബശുശ്രൂഷയുടെ കീഴിൽ ആരംഭിച്ച ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് കോഴ്സിന്റെയും ഒന്നാം ബാച്ച് ജനുവരി 5, 6 തീയതികളിൽ പരീക്ഷകൾ നടത്തി. വിജയകരമായി പഠനം പൂർത്തിയാക്കിയ 52 പേരെ ജനുവരി 27 ന് അനുമോദിച്ചു.

രണ്ടാമത്തെ ബാച്ച് ജനുവരി 27 ശനിയാഴ്ച ആരംഭിച്ചു. 30 പേർ പങ്കെടുത്ത ക്ലാസ്സിൽ റവ. ഫാ. ജോൺ, ഡോ. ജസ്റ്റിൻ പടമാടൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 28 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ ജൂബിലി ആനിമേഷൻ സെന്ററിലെ റൂം നമ്പർ 5 ൽ



പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു.

**ഏക്സതരുടെ കൂടിവരവ്**

ഏകസ്തരായി കഴിയുന്നവരുടെ (വിവാഹിതരാകാതെ ജീവിക്കുന്നവരുടെ) സംഗമം ജനുവരി 29 തിങ്കളാഴ്ച രാവിലെ 10 മണിക്ക് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ കൂടുകയുണ്ടായി. ഏകസ്തരുടെ ആത്മീയത എന്ന വിഷയത്തിൽ ശ്രീമതി. മേരിക്കുട്ടി സൈമൺ ക്ലാസ്സെടുത്തു. ബ്ര. ഫ്രെഡറിക്, ദാനപ്പൻ സാർ എന്നിവർ അവരുടെ ജീവിതാനുഭവങ്ങൾ പങ്കുവച്ചു. അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ഏകസ്തരെ സന്ദർശിക്കുകയും ജീവിതാന്തസ്സിനെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. 85 പേർ പങ്കെടുത്ത കൂടിവരവിൽ ഡയറക്ടർ റവ. ഫാ. എ. ആർ. ജോൺ സ്വാഗതവും, അസി. ഡയറക്ടർ റവ. ഫാ. ജൂലിയസ് സാവിയോ കെ. എം. കൃതജ്ഞതയും രേഖപ്പടുത്തി.

**വിരുന്ന്**

ഇടവക തലത്തിൽ കുടുംബശുശ്രൂഷയുടെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുവാൻ വാർഡ്, യൂണീറ്റുതല ഭാരവാഹികൾക്ക് പരിശീലനം, വിവാഹജീവിതത്തിലേക്ക് പ്രവേശിച്ച യുവദമ്പതികൾക്കുള്ള സെമിനാർ, ഫോറങ്ങളുടെ രൂപീകരണവും ശക്തീകരണവും (വിധവാ ഫോറം, ദമ്പതി ഫോറം, ഏകസ്ത ഫോറം, . . . ), കൗൺസിലിംഗ് സൗകര്യം, സാന്ത്വനം കൂട്ടായ്മയുടെ അംഗത്വവിതരണം, ഉത്തമ ജീവിതപങ്കാളിയെ കണ്ടെത്താൻ - ആർ. സി. മാര്യേജ് ബ്യൂറോയിൽ രജിസ്ട്രേഷൻ, ദിവ്യബലി (വിവാഹജീവിതം 25 വർഷത്തിലധികം പൂർത്തിയാക്കിയിട്ടുള്ളവർക്ക് വിവാഹവാഗ്ദാനം നവീകരിച്ച് അവരെ ആദരിക്കൽ) എന്നിവ ഉൾപ്പെടുത്തിയുള്ള കുടുംബപ്രേഷിത ശുശ്രൂഷ നടത്തുന്ന ഏകദിന ശിൽപശാലയാണ് വിരുന്ന്.

ജനുവരി 27 ശനിയാഴ്ച അഞ്ചുതെങ്ങ് ഫെറോനാ ദൈവാലയത്തിൽ വിരുന്ന് (ഏകദിന ശിൽപശാല) നടത്തി. യുവദമ്പതികൾക്കുള്ള സെമിനാർ (വിവാഹജീവിതം ആരംഭിച്ച് 6 വർഷം വരെയുള്ള ദമ്പതികൾക്ക്), വിധവാഫോറത്തിന്റെ രൂപീകരണം, മാര്യേജ് ബ്യൂറോയുടെ രജിസ്ട്രേഷൻ, കൗൺസിലിംഗ് എന്നിവ നടക്കുകയുണ്ടായി.

സന്തോഷകരമായ കുടുംബജീവിതം (ശ്രീ. സതീഷ്), ശിശുപരിപാലനം (ശ്രീമതി. ലിസ്സി ബാബു, കപ്പിൾസ് ഫോർ ക്രൈസ്റ്റ്), വിധവകളുടെ ആത്മീയത (റവ. ഫാ. ജൂലിയസ് സാവിയോ കെ. എം., അസി. ഡയറക്ടർ, കുടുംബപ്രേഷിതശുശ്രൂഷ) എന്നിവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. സി. മേരി ഫൗസ്റ്റീന, ശ്രീമതി. ശ്രീലത എന്നിവർ കൗൺസിലിംഗ് നൽകി.

150 പേർ പങ്കെടുത്ത ശിൽപശാല റവ. ഫാ. ജൂലിയസ് സാവിയോ കെ. എം. (അസി. ഡയറക്ടർ, കുടുംബപ്രേഷിതശുശ്രൂഷ) ഉദ്ഘാടനം ചെയ്തു.

**രോഗീദിനാചരണം**

ഫെബ്രുവരി 11 ഞായറാഴ്ച സഭയുടെ 26-ാമത് രോഗീദിനമായി ആചരിക്കുകയാണ്. ലൂർദ്ദ് മാതാവിന്റെ തിരുനാൾ ആണ് രോഗീദിനമായി ആചരിക്കുന്നത്. ഈ അവസരത്തിൽ രോഗിയായതുകൊണ്ട് മാത്രം ദൈവാലയത്തിൽ എത്താൻ കഴിയാത്തവരെ ദൈവാലയത്തിൽ എത്തിക്കുവാനും കൂദാശകൾ സ്വീകരിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്. അന്നേ ദിവസത്തെ ദിവ്യബലി അവർക്കുവേണ്ടി അർപ്പിക്കേണ്ടതാണ്.

**സാന്ത്വനം മാംഗല്യം**

ഫെബ്രുവരി 15 വ്യാഴാഴ്ച മൂന്നുമണിക്ക് അഭിവന്ദ്യ പിതാവിന്റെയും സാംസ്ക്കാരിക നേതാക്കന്മാരുടെയും സാനിധ്യത്തിൽ ഓഖി ദുരന്തബാധിതരുടെയും സമാനസാഹചര്യത്തിൽ ഉൾപ്പെട്ടു ജീവിക്കുന്ന കുടുംബങ്ങളിലെ 100 യുവതികൾക്ക് വിവാഹധനസഹായം നൽകുന്ന സാന്ത്വനം മംഗല്യം പദ്ധതിയുടെ ഉദ്ഘാടനം ചെയ്യുന്നു.



**വിവാഹ മുന്നൊരുക്ക കോഴ്സ്**

ജനുവരി 5-7 വരെ നടന്ന കോഴ്സിൽ 75 പെൺകുട്ടികളും 80 ആൺകുട്ടികളും പങ്കെടുത്തു. സാധാരണ നടക്കുന്ന ക്ലാസ്സിനു പുറമെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും എല്ലാവരും സജീവമായി പങ്കെടുക്കുകയും ചെയ്തു. ജനുവരി 22 - 24 വരെ തീയതികളിൽ നടന്ന രണ്ടാമത്തെ വിവാഹ ഒരുക്കസെമിനാറിൽ 62 പെൺകുട്ടികളും 74 ആൺകുട്ടികളും പങ്കെടുത്തു.

**വിവാഹ ഒരുക്കസെമിനാർ 2018 ഫെബ്രുവരി 19, 20, 21 തീയതികളിൽ നടത്തപ്പെടുന്നു.**

**മാര്യേജ് ബ്യൂറോ**

ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 15 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു.

ബ്യൂറോയുടെ വെബ്സൈറ്റ് കെ. ആർ. എൽ. സി. സി. തലത്തിൽ വ്യാപിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതിന്റ ഭാഗമായി 26/1/2018 ന് എറണാകുളം ആശീർഭവനിൽ വച്ച് നടന്ന 12 ലത്തീൻ രൂപതകളിലെയും കുടുംബശുശ്രൂഷാ ഡയറക്ടർമാരുടെ യോഗത്തിൽ ഫാ. എ. ആർ. ജോൺ, ശ്രീ. ഷെമ്മി എന്നിവർ ബ്യൂറോയുടെ പുതിയ വെബ്സൈറ്റിനെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും അവതരിപ്പിച്ചു.

# അതിരൂപതയ്ക്ക് അഭിമാന നിമിഷം

നാൽപതു വർഷ കെ.സി.വൈ.എം. ചരിത്രത്തിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ നിന്ന് ആദ്യമായി കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റായി ശ്രീ. ഇമ്മാനുവേൽ മൈക്കിൾ തെരഞ്ഞെടുക്ക പ്പെട്ടു. ശ്രീ. ഇമ്മാനുവേൽ മൈക്കിൾ കെ.സി.വൈ.എം. ന്റെ 40-ാമത് റൂബി വർഷത്തിൽ പ്രത്യേകിച്ച് ആഗോള കത്തോലിക്കാ സഭ യുവജനവർഷമായി തെരഞ്ഞെടു ത്തിരിക്കുന്ന ഈ കാലയളവിൽ തന്നെ കെ.സി.വൈ.എം ന്റെ സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതിൽ തിരുവനന്ത പുരം അതിരൂപതയ്ക്ക് ഏറെ അഭിമാന നിമിഷമാണ്.

**2) എൽ.സി.വൈ.എം. ന്റെ ജനറൽ സെക്രട്ടറിയായ് ശ്രീ.എം. എ. ജോണി തെരഞ്ഞെടുക്കപ്പെട്ടു.**

കെ.ആർ.എൽ.സി.സി. യുവജന കമ്മീഷനായ ലത്തീൻ കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ നാലാമത് ജനറൽ സെക്രട്ടറിയായി തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ വിഴിഞ്ഞം സ്വദേശി ശ്രീ. ജോണി. എം. എ. ജോണിയെ തെരഞ്ഞെടുത്തു. നിലവിൽ ജോണി.എം.എ. കെ.സി.വൈ.എം. അതിരൂപത പ്രസിഡന്റാണ്

**3)** കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ആഡിറ്ററായി തിരുവനന്തപുരം ലത്തീൻ അതിരൂപത വൈസ് പ്രസിഡന്റ് കുമാരി രേവതിയെ തെരഞ്ഞെടുത്തു.

**കെ.സി.വൈ.എം. സംസ്ഥാന നേതൃത്വം സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.**

തിരുവനന്തപുരം കെ.സി.വൈ.എം. സംസ്ഥാനതല സംയുക്ത സിൻഡിക്കേറ്റ് മീറ്റിംഗും പുതിയ സംസ്ഥാന ഭാരവാഹികളുടെ സത്യപ്രതിജ്ഞയും 2018 ജനുവരി 25 ന്



തിരുവനന്തപുരം വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. കെ.സി.ബി.സി. പ്രസിഡന്റും തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പുമായ മോസ്റ്റ്.റവ.ഡോ.എം. സൂസപാക്യം ഉദ്ഘാടനം നിർവ്വഹിക്കുകയും സത്യപ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുക്കുകയും ചെയ്തു. ആദ്ധ്യാത്മികതയിൽ അടിയുറച്ച ഒരു യുവജന സമൂഹത്തിന് മാത്രമേ സാമൂഹിക പരിവർത്തനം സാധ്യമാകൂ എന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. ദിശാബോധമുള്ള യുവത്വം കാലഘട്ടിന്റെ അനിവാര്യതയാ ണെന്നും സമൂഹത്തിൽ നിന്നും അത്തരം യുവജന നേതൃത്വം ഉയർന്നു വരണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

കെ.സി.ബി.സി. യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് അദ്ധ്യക്ഷനായിരുന്നു. സഭയും സമൂഹവും യുവജന കേന്ദ്രീകൃതമാകണമെന്നും പൊതുസമൂഹത്തിൽ ക്രിയാത്മകമായ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ ശേഷിയുള്ളവരാണ് യുവജനങ്ങൾ എന്നും യുവജന കമ്മീഷൻ ചെയർമാൻ അഭിപ്രായപ്പെട്ടു. കെ.സി.ബി.സി. യൂത്ത് കമ്മീഷൻ വൈസ് ചെയർമാൻ റൈറ്റ്. റവ. ഡോ.ക്രിസ്തുദാസ് ആർ 2017 ലെ സംസ്ഥാന ഭാരവാഹികളെ ആദരിച്ചു. സംസ്ഥാന ഡയറക്ടർ റവ.ഡോ.മാത്യു ജേക്കബ് തിരുവാലിൽ ആമുഖ പ്രഭാഷണം നടത്തിയ യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഇമ്മാനുവേൽ മൈക്കിൾ, മുൻ സംസ്ഥാന പ്രസിഡന്റ് പ്രദീപ് മാത്യു, ഐ.സി.വൈ.എം. ദേശീയ പ്രസിഡന്റ് സിജോ അമ്പാട്ട്, തിരുവനന്തപുരം അതിരൂപത പ്രസിഡന്റ് ജോണി.എം.എ. എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കെ.സി.വൈ.എം. തിരുവനന്തപുരം അതിരൂപത ഡയറക്ടർ റവ.ഫാ.ലെനിൻ ഫെർണാണ്ടസ് സ്വാഗതം ആശംസിച്ച യോഗത്തിന് സംസ്ഥാന ജനറൽ സെക്രട്ടറി എബിൻ കണിവേലിൽ നന്ദി അർപ്പിച്ചു. യോഗത്തിൽ വച്ച് ഓഖി ദുരിതാശ്വാസ ഫണ്ടിലേക്ക് കെ.സി.വൈ.എം. ന്റെ സംഭാവന സംസ്ഥാന പ്രസിഡന്റ് ഇമ്മാനുവേൽ മൈക്കിളും മുൻ സംസ്ഥാന പ്രസിഡന്റ് പ്രദീപ് മാത്യുവും ചേർന്ന് കൈമാറി.

## Bonefire 2k17

2018 ജനുവരി 26 ന് കെ.സി.വൈ.എം. പാളയം ഫെറോന യിൽ Bonefire 2k17 നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. 86 പേർ പങ്കെടുത്ത ഈ ഏകദിന ക്യാമ്പ് ക്രിസ്തുരാജപുരം ഇട വകയിൽ വച്ചാണ് നടന്നത്. ഫാ.ജോസ് ജി. ക്യാമ്പ് ഉത്ഘാടനം ചെയ്തു. ഫാ.സനീഷ്, ജോണി.എം.എ, അജിത്ത് പൊഴിയൂർ എന്നിവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. ഫാ. ലെനിൻ ഫെർണാണ്ടസ് LAMP കോഴ്സിന്റെ ഗുണഗണങ്ങളെ കുറിച്ചു വിശദീകരിക്കുകയുണ്ടായി.

### കെ.സി.വൈ.എം. കഴക്കൂട്ടം ഫെറോന സമിതി രൂപീകൃതമായി

കെ.സി.വൈ.എം. അതിരൂപത സമിതിയുടെ നേതൃത്വത്തിൽ കഴക്കൂട്ടം ഫെറോനയിൽ കെ.സി.വൈ.എം. ഫെറോന സമിതി രൂപീകരിച്ച്, പുതിയ ഫെറോന ഭാരവാഹികളെ തെരഞ്ഞെടുത്തു. അതിരൂപത ഡയറക്ടർ ഫാ.ലെനിൻ ഫെർണാണ്ടസ്, പ്രസിഡന്റ് ജോണി എം.എ. എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഫെറോന ഡയറക്ടറായി ഫാ.റിച്ചാർഡ് സക്കറിയ, ആനിമേറ്ററായി സിസ്റ്റർ ലിസ, പ്രസിഡന്റായി ബെൽബൻ നെപ്പോളിയൻ, സെക്രട്ടറിയായി രജി എന്നിവരെ തെരഞ്ഞെടുത്തു.





# വിദ്യാഭ്യാസശുശ്രൂഷ ഫൊറോനകളിൽ

## അഞ്ചുതെങ്ങ് ഫെറോന

ഫെറോന സമിതി യോഗം കോഡിനേറ്റർ അച്ചന്റെ അദ്ധ്യ ക്ഷതയിൽ നടന്നു. യോഗത്തിൽ സ്കൂൾ തലത്തിൽ കലോത്സവം നടത്തണമെന്ന തീരുമാനിച്ചു. അതിൻ പ്രകാരം 18/11/17 ശനിയാഴ്ച അഞ്ചുതെങ്ങ് ഫെറോനയിലെ വിവിധ കാത്തലിക് മാനേജ്മെന്റ് സ്കൂളുകളെ കോർത്തിണക്കി ഇന്റർ സ്കൂൾ കോമ്പറ്റിഷൻ ഫോർ കാത്തലിക് നടത്തുകയുണ്ടായി. എല്ലാ സ്കൂളുകളും പങ്കെടുത്തു. വരും വർഷങ്ങളിലും ഇതു നടത്തണമെന്നും അഭിപ്രായമുണ്ടായി. ത്രിഭാഷ പരിഭോഷണ പരിപാടിയുടെ ഭാഗമായി പരീക്ഷ 8 ഇടവ കയിൽ നടത്തി.

30/12/17 ൽ പ്രാർത്ഥനാ ചൈതന്യത്തോടെ എപ്രകാരം രസ കരമായി പഠിക്കാം എന്നതിനെ ആസ്പദമാക്കി ഒരു ക്ലാസ് ഫെറോന സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. റവ.ഫാ. വർക്കിച്ചൻ എസ്.ജെയോടൊപ്പം ടെക്നോപാർക്കിലെ പത്തോളം എഞ്ചിനിയേഴ്സും ക്ലാസ് നയിച്ചു. എല്ലാ ഇടവകയിൽ നിന്നും 8,9,10 ക്ലാസ്സിലെ 35 കുട്ടികൾ പങ്കെടുത്തു.

**ഫാ.ബിജിൻ ബെസിലി** — **ഗ്ലാഡിസ് ജെയിംസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## പുതുക്കുറിച്ചി ഫെറോന

ഓഖി ദുരന്ത ഇടവകയിൽ കുട്ടികളുടെ ലിസ്റ്റും അവർ പഠി ക്കുന്ന സ്ക്കൂളിന്റെ വിശദമായ റിപ്പോർച്ച് അതിരൂപത നിർദ്ദേശമ നുസരിച്ച് നടത്തുകയുണ്ടായി. ഓഖി ദുരന്തത്തിന്റെ ദുഃഖ സൂചക മായി അധികം പ്രവർത്തനം നടത്തിയില്ല. ഇടവക തലത്തിൽ ത്രിഭാഷ പരീക്ഷ നടത്തി. ത്രിഭാഷ പരീക്ഷ നടത്തിയ ഇടവകകൾ മുരുക്കുംപുഴ, പുതുക്കുറിച്ചി, സെന്റ് ആൻഡ്രൂസ്, ശാന്തിപുരം ഇവ യാണ്.

**പുതുക്കുറിച്ചി ഇടവക**: ചിറയിൻകീഴ് മണ്ഡലത്തിലെ സ്കൂളുക ളിൽ മികച്ച മാനേജർക്കുള്ള അവാർഡു നേടിയ പുതുക്കുറിച്ചി ഇട

വക വികാരി റവ.ഫാ. സജു റോൾഡ് സെന്റ് മൈക്കിൾസ് എച്ച്.എ സ്.എസ് അദ്ധ്യാപക വിദ്യാർത്ഥികളുടെ സ്വീകരണവും അനുമോദ നവും നൽകുകയുണ്ടായി. സെന്റ് മൈക്കിൾ എച്ച്.എസ്.എസ്സിലെ 10 മുതൽ +2 വരെയുള്ള കുട്ടികൾക്കു ക്ലാസ്സിൽ 4 മണി മുതൽ 6 മണി വരെ ട്യൂഷൻ നടക്കുന്നു. 5-ാം ക്ലാസ്സിലെ കുട്ടികൾക്കു മല യാളം ട്യൂഷൻ ശനി, ഞായർ ദിവസങ്ങളിൽ ഇടവകയിൽ നടക്കുന്നു.

കൊച്ചുതുറ ഇടവകയിലും ഫാത്തിമപുരം ഇടവകയിലും ശനിയാഴ്ച സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് നടക്കുന്നു.

**ഫാ.ഷാജിൻ ജോസ്** — **ജൂലിയറ്റ് പോൾ**
കോഓർഡിനേറ്റർ — ആനിമേറ്റർ

### ~~പാളയം ഫെറോന~~

**ഫെറോന സമിതി**: ഡിസംബർ 17 ന് ഫെറോന വൈദിക കോർഡി നേറ്ററിന്റെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടുകൂടി യോഗം ആരം ഭിച്ചു. റിപ്പോട്ടു അവതരണം (ഫെറോന/ഇടവക) നടന്നു വിലയി രുത്തി. ഫെറോന പ്ലാൻ ആന്റ് ബഡ്ജറ്റ് പ്രകാരമുള്ള ഹൗ ടു ഫെയ്സ് എക്സാം എന്ന ക്ലാസ്സ് ജനുവരിയിൽ നടത്തുവാൻ തീരു മാനിച്ചു.

**ജി.കെ. കോമ്പറ്റീഷൻ**: ഫെറോന പ്ലാൻ ആന്റ് ബഡ്ജറ്റ് പ്രകാരമു ള്ള ജി.കെ കോമ്പറ്റീഷൻ എന്ന പരിപാടി ഇടവകതലത്തിൽ 8,9,10 എന്നീ ക്ലാസ്സിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് പൊതു വിജ്ഞാന പരീക്ഷ ഡിസംബർ 17-ാം തിയതി ഇടവകതലത്തിൽ നടത്തുകയുണ്ടായി. 19 ഇടവകയിൽ നിന്ന് 11 ഇടവകകൾ ഈ പരീക്ഷ നടത്തുകയുണ്ടായി. പരീക്ഷ നടന്ന ഇടവകകൾ കുലശേ ഖരം, തൃക്കണ്ണാപുരം, കുറവൻകോണം, കിള്ളിപ്പാലം, കുടപ്പനകുന്ന്, കാച്ചാണി, മുടവൻമുഗൾ, നന്തൻകോട്, പുന്നയ്ക്കാമുഗൾ, പാളയം, കാഞ്ഞിരംപാറ പരീക്ഷയിൽ വിജയികളായ 1,2,3 സ്ഥാനക്കാരെ ഫെറോനതലത്തിലുള്ള പരീക്ഷയിൽ പങ്കെടുപ്പിച്ച് 1,2,3 സ്ഥാനക്കാരെ വീണ്ടും കണ്ടെത്തി പ്രോത്സാഹനം നൽകുവാൻ തീരുമാനിച്ചു.

**ത്രിഭാഷ പരിപോഷണ പരിപാടി**: നവംബർ 26, ഡിസംബർ 3 എന്നീ തിയതികളിൽ ഇടവകതലത്തിൽ പരീക്ഷ നടത്തുകയുണ്ടായി.



**ഇടവക പ്രവർത്തനങ്ങൾ**: ഡിസംബർ 17-ാം തിയതി ജി.കെ പരീക്ഷ ഇടവകതലത്തിൽ നടത്തുകയുണ്ടായി. ഇടവക സമിതി എല്ലാ ഇടവകകളിലും നൽകുകയുണ്ടായി.

**ഫാ. ജേക്കബ് സ്റ്റെല്ലസ്** — **ജൂലി ഡയനേഷ്യസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

### ~~വലിയതുറ ഫെറോന~~

**പ്രധാന പ്രവർത്തനങ്ങൾ**

1. ഫെറോനാതലയോഗം
2. ത്രിഭാഷ
3. പി.എസ്.സി കോച്ചിംഗ്
4. ഓഖി പ്രവർത്തനങ്ങൾ

**ഫെറോനതല മീറ്റിംഗ്**: ഡിസംബർ മാസം 9-ാം തിയതി ചെറുവെ ട്ടുകാട് വച്ചു ശനിയാഴ്ച വൈകുന്നേരം 4 മണിയ്ക്ക് വൈദിക കോഡിനേറ്റർ ഫാ.ജോസ് ദിലീപിന്റെ അധ്യക്ഷതയിൽ മീറ്റിംഗ് കൂടി. 10 ൽ 5 അംഗങ്ങൾ പങ്കെടുത്തു. പിഎസ്സി നടത്തിക്കുന്ന തിനെക്കുറിച്ചും എൻട്രൻസ് കോച്ചിംഗ് നടത്തിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു തീരുമാനമെടുത്തു. ത്രിഭാഷ ഇടവകകളിൽ നട ത്തുന്നു എന്നും ചർച്ച ചെയ്തു.

**ത്രിഭാഷ**: വലിയതുറ ഒഴികെയുള്ള 9 ഇടവകകളിൽ ത്രിഭാഷ പരീക്ഷ നടത്തി. 3 ഇടവകയിൽ 3-ാം തിയതിയും ബാക്കിയുള്ള ഇടവകക ളിൽ 10,17 എന്നീ തിയതികളിൽ പരീക്ഷ നടത്തി. ആനിമേറ്റർ ചോദ്യ പേപ്പർ കൊടുത്തു. ഉത്തരകടലാസ് കളക്ട് ചെയ്തു.

**പിഎസ്സി കോച്ചിംഗ്**: ഡിസംബർ മാസം 1-ാം തിയതി നടത്താ നിരുന്ന പിഎസ്സി കോച്ചിംഗ് ഓഖികാരണം മാറ്റിവച്ചു ജനുവരി മാസം 3-ാം തിയതി നടത്തുന്നു. അതിനായി എല്ലാ ഇടവകയിലും 30-ാം തിയതി കമ്മ്യൂണിക്കേഷൻ എത്തിച്ചു.

**ഓഖി പ്രവർത്തനങ്ങൾ**: ഓഖിയുമായ് ബന്ധപ്പെട്ട് മരണപ്പെട്ടവരു ടെയും കാണാതായവരുടെയും തിരിച്ചുവന്നവരുടെയും ഉപകരണ ങ്ങൾ നഷ്ട്ടപ്പെട്ടവരുടെയും പഠിക്കുന്ന മക്കളുടെ ലിസ്റ്റുകൾ കളക്ട് ചെയ്തു.

**ഫാ. ജോസഫ് ദിലീപ് O F M Cap** — **മേരി**
കോഓഡിനേറ്റർ — ആനിമേറ്റർ

## കോവളം ഫെറോന

**ഫെറോന തലം**

കോവളം ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ വിദ്യാഭ്യാസ കൺവീനർമാരുടെ യോഗം ഡിസംബർ, ജനുവരി മാസ ത്തേക്കുള്ള യോഗം ജനുവരി 6-ാം തീയതി വൈകുന്നേരം 3.30 ന് കൂടുകയുണ്ടായി. യോഗത്തിൽ ഫെറോനയിൽ നടത്താൻ തീരുമാ നിച്ചിരിക്കുന്ന ത്രിഭാഷ പരിപോഷണ പരിപാടിയുടെ പരീക്ഷ നട ത്താൻ തീരുമാനിച്ചിരിക്കുന്ന ഇടവകകൾ തിരഞ്ഞെടുത്തു. തിര ഞ്ഞെടുത്ത ഇടവകകളിൽ പരീക്ഷ നടത്തുവാനുള്ള ക്രമീകരണ ങ്ങൾ നടത്താൻ തീരുമാനിച്ചു.

ജനുവരി മാസത്തിൽ പുന്നമ്മൂട്, പെരിങ്ങമ്മല, പരുത്തി കുഴി, വവ്വാമ്മൂല, കക്കാമ്മൂല, ആഴാകുളം, വിഴിഞ്ഞം, പൂന്തുറ, പാല പ്പൂർ, പൂങ്കുളം, നെല്ലിയോട്, കാരയ്ക്കാമണ്ഡപം, പൊന്നുമങ്കലം എന്നീ ഇടവകയിൽ നിന്നും യോഗത്തിൽ കൺവീനർമാർ പങ്കെടു ത്തു.

**ക്വിസ് മത്സരം**: പരുത്തുക്കുഴി ഇടവകയിൽ 5-ാം ക്ലാസ്സ് മുതൽ ഡിഗ്രി വിദ്യാർത്ഥികൾക്കായി 12-ാം തിയതി 3 മണിക്ക് ക്വിസ് മത്സരം സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാ നവും നൽകി. എല്ലാ മാസവും വിദ്യാഭ്യാസ ശുശ്രൂഷ സമിതിയോഗം കൂടി വരുന്നു.

വിഴിഞ്ഞം, പൂന്തുറ ഇടവകയിൽ ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് മരണമടഞ്ഞതും മരിച്ചതുമായ മാതാപിതാക്കളുടെ മക്ക ളുടെ ലിസ്റ്റ് തയ്യാറാക്കുകയും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപര മായ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിന്റെ ഭാഗമായി ലിസ്റ്റ് തയ്യാറാക്കി.

**ത്രിഭാഷ പരിപോഷണ പരിപാടി**: കോവളം, ഫെറോന വിദ്യാ ഭ്യാസ ശുശ്രൂഷ സമിതിയുടെ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ കാരയ്ക്കാമണ്ഡപം, പൊന്നുമംഗലം, വിഴിഞ്ഞം, ആഴാകുളം, പുന്ന മ്മൂട്, പെരിങ്ങമ്മല, പരുത്തികുഴി, വവ്വാമ്മൂല, കാക്കാമ്മൂല, പൂന്തു റ, പാലപ്പൂർ, പൂങ്കുളം, നെല്ലിയോട് എന്നീ ഇടവകയിൽ ത്രിഭാഷ



പരീക്ഷ നടത്തുകയുണ്ടായി.

പി.എസ്.സി കോച്ചിംഗ് & സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്: പൂന്തുറ(25), വിഴിഞ്ഞം(35), പാലപ്പൂര്(15) എന്നീ നിലയിൽ 8 മുതൽ ഡിഗ്രി പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സർക്കാർ ഉദ്യോഗ പരീ ക്ഷകളിൽ ഉന്നതമാർക്ക് കരസ്ഥമാക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാർത്ഥികൾക്ക് ക്ലാസ്സ് ഒരുക്കി. ശനി, ഞായർ ദിവസങ്ങളിൽ ക്ലാസ്സുകൾ നൽകി വരുന്നു. വിദ്യാർത്ഥികളെ മൂല്യനിർണ്ണയം ചെയ്തു. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി അഡീഷണൽ വർക്ക് നൽകുന്നുണ്ട്.

## പുല്ലുവിള ഫെറോന

**ഫെറോനതലം**: പുല്ലുവിള ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമി തിയുടെ നേതൃത്വത്തിൽ ഫെറോനതലത്തിൽ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് സംഘടിപ്പിച്ചുവരുന്നു. പൂവാർ ഏയ്ഞ്ചൽസ് സ്ക്കൂളിൽ വച്ച് 42 വിദ്യാർത്ഥികൾ 6 ക്ലാസ്സുകൾ പ്രസ്തുത പരി ശീലനത്തിന്റെ ഭാഗമായി നൽകി.

പി.എസ്.സി പരിശീലനത്തിൽ പുല്ലുവിളയിൽ 10, നമ്പ്യാതിയിൽ 20 ക്ലാസ്സുകളും നൽകി.

ഈ മാസം നടന്ന ലാസ്റ്റ്ഗ്രയ്ഡ്, സ്റ്റോർകീപ്പർ എന്നീ തസ്തിക യിൽ പി.എസ്.സി പരിശീലനം നൽകിയ 93 ഉദ്യോഗാർത്ഥികൾ പി.എസ്.സി എക്സാം എവുതി.

എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ നൈറ്റ് സ്റ്റഡി മൈഡിയിൽ പരിശീലനം: പുല്ലുവിള ഇടവകയിൽ 3/1/18 ൽ പുല്ലുവിളയിൽ "പുതു സംഘടനയും ഇടവകവിദ്യാഭ്യാസ സമിതിയും സംയുക്തമായി എല്ലാ ദിവസവും വൈകുന്നേരം 6 മുതൽ 8 മണിവരെ സംഘടിപ്പി ക്കുന്നു. 114 വിദ്യാർത്ഥികൾ പ്രസ്തുത പരിശീലനത്തിൽ പങ്കെടു ക്കുന്നു. കരുംകുളം ഇടവകയിൽ എല്ലാ ദിവസവും 6.30 മുതൽ 8.30 വരെ സംഘടിപ്പിക്കുന്ന നൈറ്റ് സ്റ്റഡിൽ 26 വിദ്യാർത്ഥികൾ പങ്കെ ടുക്കുന്നു.

**അടിമലത്തുറ** ഇടവകയിൽ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സംഘ ടിപ്പിക്കുന്ന നൈറ്റ് സ്റ്റഡിയിൽ 39 വിദ്യാർത്ഥികളും പങ്കെടുക്കുന്നു.

**കെ-റ്റിഇറ്റി പരിശീലനം**: പുല്ലുവിള ഇടവക വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ 2017 സെപ്തംബർ 17-ാം തിയതി ആരംഭിച്ച റ്റി. റ്റിഇറ്റി പരിശീലനം 26/12/17 ൽ അവസാനിച്ചു. 28,30 തിയതികളിൽ നടന്ന കെ-റ്റിഇറ്റി പരീക്ഷയിൽ റ്റിറ്റിസി - ബിഎഡ് കഴിഞ്ഞ 23 ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതി.

**ത്രിഭാഷ പരിപോഷണ പരിപാടി:** രൂപത വിദ്യാഭ്യാസ ശുശ്രൂഷ യുടെ നേതൃത്വത്തിൽ നടത്തിവരുന്ന ത്രിഭാഷ പരിപോഷണ സർട്ടി ഫിക്കറ്റ് പരിപാടിയുടെ പരീക്ഷ നമ്പ്യാതി, പൂവാർ ഇടവകയിൽ കഴിഞ്ഞു. ഇനി അടിമലത്തുറ, പുല്ലുവിള, പള്ളം, കരുംകുളം എന്നീ ഇടവകകളിൽ അടുത്ത ആഴ്ച നടത്തുന്നതാണ്. പരുത്തിയൂർ ഇട വകയിൽ വിദ്യാഭ്യാസ സർവ്വേ പൂർത്തിയായി. ഈ ഇടവകയിൽ കൃത്യമായി വിദ്യാഭ്യാസ സമിതി യോഗം നടന്നു വരുന്നു.

**ഓഖി ദുരന്ത നിവാരണ പരിപാടി**: ഓഖി ദുരന്തത്തിൽ മരിച്ചവരു ടെയും, തിരിച്ച് വരാത്തവരുടെയും, ഉപകരണങ്ങൾ നഷ്ടപ്പെട്ടവ രുടെയും മടങ്ങി വന്നവരുടെയും മക്കളെ സംബന്ധിക്കുന്ന സ്ഥിതി വിവര കണക്ക് പൂർത്തിയാക്കി.

**ഫാ.ജെറാൾഡ് സാവിയോ** — **മേരി ത്രേസ്യമൊറായിസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

### ~~തൂത്തൂർ ഫെറോന~~

ഓഖിയുമായ് ബന്ധപ്പെട്ട് മരിച്ചവരുടെയും കാണാതായവ രുടെയും തിരികെവന്നവരുടെയും മത്സ്യബന്ധനോപകരണങ്ങൾ നഷ്ട്ടപ്പെട്ടവരുടെയും മക്കളുടെ ലിസ്റ്റ് എൽ.പി, യൂ.പി, ഹൈസ്ക്കൂൾ, ഹയർസെക്കന്ററി സ്ക്കൂൾ, ഡിഗ്രി, പി.ജി പ്രൊഫ ഷണൽ എന്നീ തലങ്ങളിൽ പ്രത്യേകം പ്രത്യേകം ലിസ്റ്റുകൾ തയ്യാ റാക്കി രൂപതയിലും ഇടവകയിലും കൊടുത്തു.

**ഫാ.സേവ്യർ** — **മല്ലിക**
കോഓർഡിനേറ്റർ — ആനിമേറ്റർ



# സാമൂഹ്യ ശുശ്രൂഷ

**കേരള ലേബർ മൂവ്മെന്റ് ഇതരതൊഴിലാളി ക്ഷേമ പ്രവർത്തനങ്ങളും കാർഷിക മേഖലയും**:

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ആദ്ധ്യാത്മികവും സാംസ്ക്കാരികവും, സാമൂഹികവും, സാമ്പത്തി കവുമായ പുരോഗതിക്കും തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമവു മാണ് കേരള ലേബർ മൂവ്മെന്റിന്റെ ലക്ഷ്യം.

**പ്രവർത്തനങ്ങൾ**

1. തൂത്തൂർ, വലിയതുറ ഫെറോനകൾ ഒഴികെ മറ്റ് ആറ് ഫെറോന കളിലായി 39 കെ.എൽ.എം യൂണിറ്റുകൾ പ്രവർത്തിക്കുന്നു.
2. പ്രതിമാസം ഇടവക, ഫെറോന രൂപതാതല എക്സിക്യൂട്ടീവ് യോഗങ്ങൾ നടത്തുകയും പ്ലാൻ ആന്റ് ബഡ്ജറ്റ് പ്രകാരവും കെ. എൽ.എം സംസ്ഥാന സമിതിയുടെ തീരുമാന പ്രകാരവും ഉള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയത് വിലയിരുത്തുകയും, മെച്ചപ്പെ ടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.
3. 30/9/17 ൽ രൂപത ജനറൽ ബോഡി യോഗം നടത്തി. ആറ് ഫെറോനകളുടെയും ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ള പ്രവർത്തന റിപ്പോർട്ടവതരണം, വിലയിരുത്തൽ, തുടർപ്രവർത്ത നങ്ങളുടെ ആസൂത്രണം എന്നിവ നടത്തി.
4. നാനൂറ്റി മുപ്പത്തി ആറ് (436) പേരെ കെ.എൽ.എം ൽ അംഗത്വം എടുപ്പിച്ചു.
5. 30/4/2017 ൽ കെ.എൽ.എം നിലവിലുള്ള എല്ലാ ഇടവകകളിലും ലേബർ സൺഡേ ദിനം ആചരിച്ചു. അന്നേ ദിവസം ദിവ്യബലിക്ക് ആമുഖാവതരണം, വിശ്വാസികളുടെ പ്രാർത്ഥന, കാഴ്ചവയ്പ് എന്നി വയ്ക്ക് കെ.എൽ.എം അംഗങ്ങൾ നേതൃത്വം നൽകി. ദിവ്യബലി മദ്ധ്യേ ഇടവകവികാരിമാർ പിതാവിന്റെ വിജ്ഞാപനം വായിച്ചു. ദിവ്യബലിക്ക് ശേഷം പതാക ഉയർത്തി.
6. ആറ് ഫെറോനകളിലും ഫെറോനാതലത്തിൽ “തൊഴിൽ നിയമ ങ്ങളും അവകാശങ്ങളും” , “ക്ഷേമനിധി ആനുകൂല്യങ്ങൾ” എന്നീ വിഷയങ്ങളിൻമേൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

7. 19 കർഷകരെ കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം എടുപ്പിച്ചു.
8. തയ്യൽതൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം എടുപ്പിക്കുന്നതിനായി 28 പേർ ഫോം പൂരിപ്പിച്ചു നൽകി. അംഗത്വം എടുപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.
9. 29/7/17 ൽ തയ്യൽ തൊഴിലാളി സംഗമവും പ്രാദേശിക സമിതി രൂപീകരണവും നടത്തി. റ്റി.എസ്.എസ്.എസ് അസ്സിസ്റ്റന്റ് ഡയറക്ടർ ഫാ.ടോണി ഡി പോൾ ഉദ്ഘാടനം ചെയ്തു.

കെട്ടിട നിർമ്മാണ തൊഴിലാലി സംഗമവും പ്രാദേശിക സമിതി രൂപീകരണവും നടത്തുന്നതിന് വേണ്ടി 163 കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ലിസ്റ്റ് ശേഖരിച്ചു.
10. 7/8/17 ൽ ഗാർഹിക തൊഴിലാളികളുടെ യോഗം സംഘടിപ്പിച്ചു. സാമൂഹ്യ ശുശ്രൂഷ സമിതി ഡയറക്ടർ റവ.പാ.ലെനിൻരാജ് “ഗാർഹിക തൊഴിലാളികളുടെ ഉത്തരവാജിത്വങ്ങളും കടമകളും” എന്ന വിഷയത്തിൻമേൽ ക്ലാസ്സ് എടുത്തു.
11. മെയ് ഒന്നിന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് രൂപതാതലത്തിൽ തൊഴിലാളികളുടെ സംഗമം നടത്തി. തൊഴിലാളികളുടെ നിയമപരിരക്ഷയും അവകാശങ്ങളും” എന്ന വിഷയത്തിന്മേൽ ശ്രീ വീരകുമാർ ക്ലാസ്സ് നൽകി. ഫെറോനാതലത്തിൽ ഓരോ ഗാർഹിക തൊഴിലാളികളെ വീതം ആദരിച്ചു.
12. കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജൈവമട്ടുപ്പാവ് കൃഷി, അടുക്കളത്തോടും എന്നീ വിഷയങ്ങളിൽ ബോധവൽക്കരണക്ലാസ്സ് ഫെറോനാതലങ്ങളിൽ സംഘടിപ്പിച്ചു.
13. ജൈവവള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് കൃഷി ചെയ്യുന്നതിനായി വിത്ത്, വളം, ഗ്രോബാഗ് എന്നിവ 239 കർഷകർക്ക് വിതരണം ചെയ്തു. 373 പേർക്ക് ഒരു കുടുംബത്തിന് ഒന്ന് എന്ന നിരക്കിൽ വാഴതൈ വിതരണം ചെയ്തു.
14. ആറ് ഫെറോനകളിൽ നിന്ന് മികച്ച കർഷകരായി തെരഞ്ഞെടുത്ത 37 പേരെ ഷീൽഡ്, പണി ആയുധങ്ങൾ എന്നിവ നൽകി ആദരിച്ചു.
15. 5/6/17 ൽ രൂപതാതലത്തിൽ വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ ഹാളിൽ വച്ച് “പരിസ്ഥിതി ദിനാചരണം” നടത്തി. അന്നേ ദിവസം



തിരുവനന്തപുരം സഹായമെത്രാൻ ക്രിസ്തുദാസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടി ശ്രീ മുല്ലക്കര രത്നാക്കരൻ ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി നയരേഖയുടെ അടിസ്ഥാനത്തിൽ കുടുംബതലങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങളുടെ നോട്ടീസ് പ്രകാശനം ചെയ്തു. പുല്ലുവിള ഫെറോനയിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന്റെ ആദ്യഗഡു “സെൻ കേരള” ഡയറക്ടർക്ക് കൈമാറി പ്രസ്തുത ദിനാചരണത്തോടനുബന്ധിച്ച് സഹായമെത്രാൻ ക്രിസ്തുദാസ് പിതാവ് ശ്രീ മുല്ലക്കര രത്നാകരൻ എന്നിവർ വൃക്ഷതൈകൾ നട്ടു, ഫോറസ്റ്റ് ആഫീസ് കൃഷിഭവൻ, ഹോർട്ടികൾച്ചർ മിഷൻ എന്നിവ വഴി ലഭിച്ച വൃക്ഷ തൈകൾ കർഷകർക്ക് വിതരണം ചെയ്തു. പച്ചക്കറി പ്രദർശനവും വിപണനവും നടത്തി.
16. ഫെറോനാതല ജനറൽ ബോഡിയിൽ ശുചിത്വമിഷന്റെ സഹകരണത്തോടെ മാലിന്യ നിർമ്മാർജ്ജന ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി.
17. സുരക്ഷ പെൻഷൻ സ്കീമിൽ അംഗങ്ങളായവരുടെ പെൻഷൻ സ്കീം പുതുക്കുന്നതിന് വേണ്ടി ഓരോ അംഗങ്ങളിൽ നിന്നും 1050 രൂപാ വീതം ശേഖരിച്ചു വരുന്നു.
18. പുല്ലുവിള ഫെറോനയിൽ കെ.എൽ.എം ലെ 6 അംഗങ്ങൾക്ക് കേടു സംഭവിച്ച തെങ്ങ് വെട്ടി മാറ്റുന്നതിന് 500 രൂപാവീതം 3000 രൂപ കൃഷി ഭവനിൽ നിന്ന് ലഭിച്ചു.
19. കെ.എൽ.എം. ലീഡേഴ്സ് മീറ്റിംഗ്: 10/2/17 ൽ രൂപതാ തലത്തിൽ നടത്തിയ കെ.എൽ.എം ലീഡേഴ്സ് മീറ്റിംഗിൽ സംസ്ഥാന സെക്രട്ടറി ശ്രീ.തോമസ് കുരിശിങ്കൽ കെ.എൽ.എം ഘടന, ലക്ഷ്യം, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചു, അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനെക്കുറിച്ചും, ബോധവൽക്കരണം നൽകി.
20. ഞാണ്ടൂർക്കോണം ഇടവക കെ.എൽ.എം യൂണിറ്റിലെ ശ്രീ.സത്യൻ വിഴിഞ്ഞം ഇടവകയിൽ “ഓഖി” ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾക്ക് 100 കിലോ കപ്പ, 100 കിലോ അരി, 75 കിലോ ഏത്തപ്പഴം, 35 കിറ്റ് പച്ചക്കറി എന്നിവ വിതരണം ചെയ്തു.

**അന്ന റീറ്റ**
കെ.എൽ.എം

~~**പാളയം ഫെറോന**~~

**നീതി സമാധാന വികസന കമ്മീഷൻ**

**ഫെറോന എക്സിക്യൂട്ടീവ് യോഗങ്ങൾ:** നവംബർ 5, ഡിസംബർ 3 എന്നീ തീയതികളിൽ നടന്നു. പദ്ധതി ആസൂത്രണ പ്രകാരം ഫെറോനതലത്തിൽ ശിശുദിനാചരമം, വിവിധ ഇടവകകളിൽ ജീവിതശൈലി രോഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, ലക്കിടിപ്പ് കൂപ്പൺ നറുക്കെടുപ്പ് എന്നിവ നടത്തുന്നതിനും "ഓഖി" ദുരന്ത പ്രദേശങ്ങൾ റ്റി.എസ്.എസ്.എസ്സിന്റെ നേതൃത്വത്തിൽ സന്ദർശിച്ച് അവർക്ക് സഹായ സഹകരണ ചെയ്യുന്നതിനും ക്രിസ്മസ് ആഘോഷങ്ങൾ ഒഴിവാക്കി ആ തുക ദുരന്തബാധിതർക്ക് നൽകുന്നതിനും തീരുമാനിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തു.

**ഇടവകതലയോഗങ്ങൾ**: ഇടവകതല എക്സിക്യൂട്ടീവ് യോഗങ്ങൾ നവംബർ 16/18, ഡിസംബർ. 11/18 എന്നീ ക്രമത്തിൽ നടന്നു. നവംബർ മാസം കാഞ്ഞിരംപാറ, ക്രിസ്തുരാജപുരം ഡിസംബർ മാസം കുലശേഖരം, കാച്ചാണി, തൃക്കണ്ണാപുരം, പൂഴിക്കുന്ന്, പേരൂർക്കട, പുന്നയ്ക്കാമുകൾ, ക്രിസ്തുരാജപുരം എന്നിവിടങ്ങളിൽ യോഗങ്ങൾ നടന്നില്ല.

**ലക്കിടിപ്പ് കൂപ്പൺ നറുക്കെടുപ്പ്:** വിദ്യാഭ്യാസ ചികിത്സാ ഫണ്ട് ശേഖരണത്തിന്റെ ഭാഗമായി നടത്തിയ ലക്കിടിപ്പ് കൂപ്പൺ നറുക്കെടുപ്പ് 0/2/17 ൽ നടത്തുകയും വിവിധ ഇടവകകളിൽ നിന്നും 10 സമ്മാനർഹരെ തിരഞ്ഞെടുത്ത് സ്പോൺസേഴ്സ് വഴി കണ്ടെത്തിയ സമ്മാനങ്ങൾ സമ്മാനർഹർക്ക് നൽകുകയും വ്യക്തിപരമായും ഇടവകാതലത്തിലും കൂടുതൽ കൂപ്പണുകൾ വിറ്റവർക്കും സ്പോൺസേഴ്സിനെ കണ്ടെത്താൻ സഹായിച്ചവർക്കും പ്രത്യേകം സമ്മാനങ്ങൾ നൽകുകയും ചെയ്തു. കൂപ്പൺ വില്പന വഴി 57350 രൂപ ഫെറോന ഫണ്ടിൽ സമാഹരിക്കുവാൻ സാധിച്ചു.

**അടിസ്ഥാനസൗകര്യ വികസനം**: എസ്.എ.എഫ്.പി ഭവനപദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട 10 ഗുണഭോക്താക്കളിൽ മലമുകൾ



ഇടവക വികാരി റവ.ഫാ.ലെനിൻരാജ് ഭവനം ആശീർവദിച്ചു. പാളയം- ആറ്, കുറവൻകോണം-ഒന്ന്, കുടപ്പനക്കുന്ന്- ഒന്ന്, വഴയില-ഒന്ന് എന്ന രീതിയിൽ ഭവന നിർമ്മാണ പണികൾ നടന്നു വരുന്നു. ടോയിലറ്റ് നിർമ്മാണപണികൾ (പാളയം - ഒന്ന്, കാച്ചാണി-ഒന്ന്) നടന്നു വരുന്നു.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും**: 22 സംഘങ്ങൾ 6 ഇടവകകളിലായി പ്രവർത്തിക്കുന്നു. നവംബർ, ഡിസംബർ മാസങ്ങളിൽ നടന്ന ഫെറോന യോഗങ്ങളിൽ ഉണർവ്വ് പഠന പത്രികാവബോധം നൽകുകയും ഇടവകാതല റിപ്പോർട്ടവതരിപ്പ് വിലയിരുത്തൽ നടത്തുകയും ചെയ്തു. 'ഓഖി' ദുരന്ത പശ്ചാത്തലമായതിനാൽ ക്രിസ്മസ് ആഘോഷം ഒഴിവാക്കി. കാച്ചാണി ഇടവക എസ്.എച്ച്.ജി അംഗത്തിന്റെ മകളുടെ വിവാഹത്തിന് അംഗങ്ങളിൽ നിന്നും 7500 രൂപ സമാഹരിച്ച് നൽകി. വിവിധ ഇടവകകളിൽ ക്രിസ്മസ് വിപണനമേള നടത്തുകയും പുന്നയ്ക്കാമുകൾ ഇടവക ലാഭവിഹിതം ഓഖി ദിരിതാശ്വാസ ഫണ്ടിനു നൽകുകയും ചെയ്തു.

എസ്.എച്ച്.ജി ഇടവക ഫെഡറേഷൻ യോഗങ്ങൾ പ്രതിമാസം നടന്നു വരുന്നു. പാളയം ഇടവകാ-പാവന എസ്.എച്ച്.ജി യുടെ വാർഷികം 4/11/17 ൽ ആഘോഷിച്ചു.

12/11/17 ൽ കുടപ്പനക്കുന്ന് ഇടവകയിലെ ഫാത്തിമമാതാ എസ്.എച്ച്.ജി അംഗങ്ങൾ തുണി കച്ചവടം ആരംഭിച്ചു. ഇടവക വികാരി ഉദ്ഘാടന കർമ്മം നിർവഹിച്ചു.

23/11/17 ൽ പാളയം ഇടവകയിലെ മൂന്ന് എസ്.എച്ച്.ജി ഗ്രൂപ്പിനും കുക്കർ കേക്ക് നിർമ്മാണ പരിശീലനം നൽകി.

11/12/17 ൽ എസ്.എച്ച്.ജി അംഗങ്ങൾ രൂപതാ കോർഡിനേറ്റർ, ആനിമേറ്റർ എന്നിവരുടെ നേതൃത്വത്തിൽ ജനറൽ ഹോസ്പിറ്റലിൽ കഴിയുന്ന 'ഓഖി' ദുരന്തത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ സന്ദർശിക്കുകയും ഭക്ഷണ സാധനങ്ങൾ വിതരണം നടത്തുകയും ചെയ്തു. വെള്ളയമ്പലം കിങ് എസ്.എച്ച്.ജി 1300 രൂപാ വീതം 15 പേർക്ക് ബോണസ് വിതരണം നടത്തി.

വിവിധ സംഘങ്ങളിൽ നിന്നും 2,55,000 രൂപ നിക്ഷേപ ലോൺ ആയി സംഘ അംഗങ്ങൾക്ക് നൽകി.

**കാരുണ്യപൂർവ്വം പദ്ധതി**

കാരുണ്യപൂർവ്വം പദ്ധതി 25 കുടുംബങ്ങൾക്ക് പ്രതിമാസം 900 രൂപാ വീതം ബാങ്കിൽ നിക്ഷേപിച്ചു വരുന്നു. മുടവൻമുകൾ ഇടവകയിൽ നിന്നും ഒരു കുടുംബത്തെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി. വിവിധ ഐ.ജി.പി കൾ ചെയ്യുന്നതിനായി 4 അംഗങ്ങൾക്ക് 40000 രൂപ ഫണ്ട് വിഡ്രോവൽ നടത്തി.

**തൊഴിൽ കാര്യ കമ്മിഷൻ**: 11/11/2017, 9/12/17 എന്നീ തീയതികളിൽ കെ.എൽ.എം ഫെറോന യോഗങ്ങൾ നടന്നു. ഫെറോന-ഇടവക പ്രവർത്തനങ്ങൾ വിലയിരുത്തി. 6 ഇടവകകളിലെ അംഗങ്ങൾക്ക് കെ.എൽ.എം ഫെറോനഫണ്ടിൽ നിന്നും 10000 രൂപാ വീതം 60000 രൂപ ലോൺ നൽകി.

**ഇടവകതല യോഗങ്ങൾ**: നവംബർ 10/11, ഡിസംബർ 10/11 എന്നീ ക്രമത്തിൽ യോഗങ്ങൾ നടന്നു. വിവിധ ഇടവകകളിൽ നിന്നും കെട്ടിട നിർമ്മാണ തൊഴിലാളികളായ 54 പേരുടെ ലിസ്റ്റ് ശേഖരിച്ചു.

മുടവൻമുകൾ ഇടവകയിൽ 12 പേർക്ക് കർഷക തൊഴിലാളി ക്ഷേമിനിധി അംഗത്വ ഫോം വിതരണം ചെയ്തു.

നെട്ടയം ഇടവകാ കെ.എൽ.എം അംഗങ്ങൾ വിപണനമേള നടത്തി. കൂടാതെ 6 പേർക്ക് 5 കോഴിക്കുഞ്ഞുങ്ങൾ വീതം വിതരണം ചെയ്തു.

വിവിധ ഇടവകകളിൽ നിന്നും നിക്ഷേപ ലോൺ 103000/- രൂപ നൽകി.

**ആരോഗ്യകാര്യകമ്മീഷൻ**

തൈക്കാട് ഇടവകയിൽ സാമൂഹ്യ സുരക്ഷ മിഷനും റ്റി.എസ്.എസ്.എസ് ഉം സംയുക്തമായി നടത്തിയ ക്യാമ്പിൽ സൗജന്യ രോഗനിർണ്ണയവും മരുന്ന് വിതരണവും നടത്തി. 104, 112 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു.

നവംബർ മാസം തൈക്കാട് ഇടവകയിൽ ആരോഗ്യപരിപാലനം,



നെട്ടയം, പേരൂർക്കട, മുടവൻമുകൾ ഇടവകകളിൽ ജീവിത ശൈലീ രോഗങ്ങൾ എന്നീ വിഷയങ്ങളിന്മേൽ ഡോ.പ്രശാന്ത് ഡോ. ഹൃദ്യാ ഡോ.ഷിജു സ്റ്റാൻലി എന്നിവർ ബോധവൽക്കരണ ക്ലാസുകൾ നടത്തി. 38, 62, 48, 53 എന്നീ ക്രമത്തിൽ പങ്കാളിത്തം ഉണ്ടായിരുന്നു. 19/11/17 ൽ വെള്ളയമ്പലം ഇടവകയിൽ ആർ,സി,സി ഡോ കലാവതിയുടെ നേതൃത്വത്തിൽ സൗജന്യ ക്യാൻസർ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. 62 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

**ക്രിസ്തുരാജപുരം** ഇടവകയിൽ ഇടവകാ തിരുന്നാൾ ദിനത്തിൽ 21 വയോധികരെ ആദരിച്ചു ഇടവക വികാരി മെമ്മന്റോ നൽകി.

ഡിസംബർ മാസം ഓഖി ദുരിതബാധമേഖലകളായ കൊല്ലംങ്കോട്, പരുത്തിയൂർ, നീരോടി എന്നീ പ്രദേശങ്ങൾ സന്ദർശിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. നന്തൻകോട് ഇടവകാ റ്റി.എസ്.എസ്.എസ് അംഗങ്ങൾ പൂന്തുറ പ്രദേശങ്ങൾ സന്ദർശിച്ച് ഉച്ചഭക്ഷണം വിതരണം ചെയ്തു.

**മലമുകൾ** ഇടവക 6 വയോധികർക്ക് 5കെ.ജി അരി വീതം ക്രിസ്മസിന്റെ ഭാഗമായി വിതരണം ചെയ്തു.

തൈക്കാട് ഇടവകയിൽ 21 വയോധികർക്ക് ക്രിസ്മസിന്റെ ഭാഗമായി ഭക്ഷ്യകിറ്റും 500 രൂപാ വീതവും വിതരണം ചെയ്തു.

മലമുകൾ ഇടവകയിൽ 14 രോഗികൾക്ക് 1000 രൂപാ വീതം 14000 രൂപ ധനസഹായം നൽകി.

**സ്ത്രീകളും കുട്ടികളും**

**വിധവാഫോറം**: വെള്ളയമ്പലം ഇടവകയിൽ പ്രതിമാസം വിധവാഫോറം നടന്നു വരുന്നു. നവംബർ 9, ഡിസംബർ 10 എന്നീ ക്രമത്തിൽ വിധവകൾക്ക് 500 രൂപാ വീതം ധനസഹായം നൽകി.

**വെള്ളയമ്പലം** ഇടവകയിൽ 10 വിധവകൾക്ക് ജെൻ കൊണ്ടുള്ള മെഴുകുതിരി നിർമ്മാണ പരിശീലനം നൽകി.

**ശിശുദിനാചരണം**: 18/11/17 ൽ പാളയം ഇടവകാ മദർ തെരേസാ ഹാളിൽ വച്ച് ഫെറോനതല ചൈൽഡ് പാർലമെന്റ് കുട്ടികളെ ഉൾപ്പെടുത്തി ശിശുദിനാചരണം നടത്തി. പ്രസ്തുത പരിപാടിയുടെ

ഉദ്ഘാടനകർമ്മം ഫെറോനവികാരി റവ.ഫാ.ജോർജ്ജ് ഗോമസ് നിർവഹിച്ചു. ചൈൽഡ് ലൈൻ ജില്ലാ കോർഡിനേറ്റർ ശ്രീ. ജോബി കോണ്ടൂർ ശിശുദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു ക്ലാസെടുത്തു തുടർന്ന് ദേശഭക്തിഗാനം, പ്രസംഗം എന്നീ മത്സരങ്ങൾ നടത്തി സമ്മാന വിതരണം നൽകി. 54 കുട്ടികൾ പങ്കെടുത്തു.

**ചൈൽഡ് പാർലമെന്റ് യോഗങ്ങൾ**

നവംബർ മാസം 4/7, ഡിസംബർ 6/7 എന്നീ ക്രമത്തിൽ യോഗങ്ങൾ നടന്നു.

വിവിധ ഇടവകകളിൽ ശിശുദിനത്തിന്റെ പ്രാധാന്യം, മുതിർന്നവരോടുള്ള കുട്ടികളുടെ പെരുമാറ്റം എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസെടുത്തു. ക്രിസ്മസ് സെലിബ്രേഷൻ നടത്തി. ക്രിസ്മസ് ഫ്രണ്ടിനെ സെലക്ട് ചെയ്ത് ഗിഫ്റ്റുകൾ കൈമാറി.

മലമുകൾ ഇടവകയിൽ പ്രതിമാസം ആരോഗ്യമന്ത്രിയുടെ നേതൃത്വത്തിൽ പൊതിച്ചോറ് ശേഖരിച്ചു വിളപ്പിൽ ശാല ആശ്വാസ് ഭവനിലെ രോഗികൾക്ക് നൽകി വരുന്നു.

**മദ്യവിരുദ്ധം**

നവംബർ മാസം ഫോറോന മദ്യവിരുദ്ധ സമിതി യോഗം കൂടി.

**വിമോചന യാത്ര**: മദ്യവിപത്തിനെതിരെ കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ വിമോചനയാത്രയുടെ സംസ്ഥാന തല ഉദ്ഘാടനം 16/11/17 ൽ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടന കർമ്മം ആർച്ച് ബിഷപ്പ് മോസ്റ്റ്.റൈറ്റ്.റവ.ഡോ.എം.സൂസപാക്യം നിർവഹിച്ചു. നിയമസഭ സ്പീക്കർ വി.എം സുധീരൻ മുഖ്യ സന്ദേശം നൽകി. ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയൽ അദ്ധ്യക്ഷ പ്രസംഗം നടത്തി. സംസ്ഥാന സെക്രട്ടറി ശ്രീ.പ്രസാദ് കുരുവിള, ശ്രീ.ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. ലെനിൻരാജ്, ഫാ. ഡൈസൺ യേശുദാസ് എന്നിവരുടെ സാന്നിദ്ധ്യവുമുണ്ടായിരുന്നു.

| | |
|---|---|
| **ഫാ. ലെനിൻരാജ്** | **രമ്യാ ജോസ്** |
| (ഫെറോന കോ-ഓർഡിനേറ്റർ) | (റീജണൽ ആനിമേറ്റർ) |





# വികേന്ദ്രീകൃത ഫെറോനതല ഭരണ സംവിധാനം – അല്മായ ശുശ്രൂഷയുടെ മാർഗ്ഗരേഖ

വികേന്ദ്രീകൃത ഫെറോനതല ഭരണ സംവിധാനം 2018-19 കാലയളവ് മുതൽ നടപ്പിൽ വരുത്താൻ തീരുമാനിച്ചിരിക്കുന്നതിനാൽ പദ്ധതി രൂപീകരണത്തിനായി ഫെബ്രുവരി മാസത്തിൽ ഒരു പരിശീലന പരിപാടി ഫെറോന തലത്തിൽ നടക്കുകയാണല്ലോ. ഇടവക ഫെറോന തലത്തിൽ അല്മായ ശുശ്രൂഷയുടെ പദ്ധതി രൂപീകരണത്തിന് സഹായകമാകുന്ന ഒരു മാർഗ്ഗരേഖ താഴെ ചേർക്കുന്നു. 4 തരത്തിലുള്ള ഊന്നലുകളാണ് പദ്ധതി രൂപീകരണത്തിന് നൽകിയിരിക്കുന്നത്.

**I. മിഷൻ കോൺഗ്രസിനെ തുടർന്നുള്ള പ്രവർത്തന പരിപാടികൾ**

**1.** സംവരണ അവകാശങ്ങളെക്കുറിച്ചും സ്ക്കോളർഷിപ്പുകളെക്കുറിച്ചും സമയാധിഷ്ഠിതമായ അറിവും ബോധവത്ക്കരണവും നൽകുക.

**2.** ഫെറോന തലത്തിൽ ഒരു റിസോഴ്സ് ടീമിനെ ഒരുക്കുക.

**3.** രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകളായ ജനതകളുടെ പ്രകാശം, സന്തോഷവും പ്രത്യാശയും, അപ്പോസ്തോലിക സജീവ പ്രവർത്തനം, ദൈവത്താൽ ജനതകളിലേയ്ക്ക് എന്നിവയെപ്പറ്റി ഫെറോനതലത്തിൽ ക്ലാസുകൾ സംഘടിപ്പിക്കുക.

**4.** സോഷ്യൽ മീഡിയ മുഖേന കത്തോലിക്ക ആദർശങ്ങളും തത്വങ്ങളും പ്രചരിപ്പിക്കുക.

**5.** സമുദായ ബോധവത്ക്കരണത്തിന് ഉതകുന്ന പരിശീലനങ്ങൾ സംഘടിപ്പിക്കുക.

**6.** നേതൃനിരയിലേയ്ക്ക് വരുന്നവരെ മീഡിയ കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ളവരാക്കുക.

**7.** പ്രോത്സാഹനത്തിലൂടെയും ബോധവത്ക്കരണത്തിലൂടെയും ഉന്നത വിദ്യാഭ്യാസത്തിനായി യുവജനങ്ങളെ പ്രാപ്തരാക്കുക.

**II. ഹോം മിഷനെ തുടർന്നുള്ള  പ്രവർത്തനങ്ങൾ**

1. സർവ്വീസിൽ നിന്നും വിരമിച്ചവരുടെ സേവനം പ്രയോജനപ്പെടുത്തുക.

2. മദ്യത്തിനും മയക്കുമരുന്നിനും അടിയമയായവരെ 'മുക്തി'ധ്യാനത്തിന്പോകാൻ പ്രോത്സാഹനം നൽകുന്ന ചുമതല ഏറ്റെടുക്കുക.

3. മദ്യപാനത്തിൽ നിന്നും മോചനം നേടിയവരെ അനുധാവനം ചെയ്യുക.

4. ആത്മീയ മേഖലയിൽ തകർച്ച നേരിടുന്നവരെ സന്ദർശിക്കുക.

5. സമൂഹത്തിൽ നിലവിലുള്ള തൊഴിൽപരമായും സംഘടനാപരമായും സാമൂഹികവുമായ ചൂഷണത്തിനെതിരെ പ്രതികരിക്കുക.

**III. ഓഖി ദുരന്തനിവാരണ സംരംഭങ്ങളിൽ പങ്കാളികളാകാനുള്ള പരിപാടികൾ (യുവജന ശുശ്രൂഷയുമായി ചേർന്ന്)**

1. നിലവിലുള്ള തൊഴിലിൽ കൂടുതൽ നൈപുണ്യവും തൊഴിൽ സുരക്ഷയും നേടാനുള്ള പരിശീലനങ്ങളും, അവസരങ്ങളും ഒരുക്കൽ.

2. പകരം തൊഴിൽ കണ്ടെത്താനുള്ള അവസരങ്ങൾ ഒരുക്കൽ.

3. അപ്രന്റീസ്ഷിപ്പ് സംഘടിപ്പിക്കൽ.

4. സഭാ സ്ഥാപനങ്ങളിലെ ഒഴിവുകളിൽ മുൻഗണന നൽകൽ.

5. ദുരന്താഘാതത്തിനിരയായ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തൽ.

6. പുതിയതായി മത്സ്യബന്ധന തൊഴിൽ തുടങ്ങാൻ തെരെഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പുകൾക്ക് ഉപകരണങ്ങൾ വാങ്ങാൻ സഹായം നൽകൽ.

**IV. അല്മായ ശുശ്രൂഷയുടെ തനതായ പ്രവർത്തനങ്ങൾ**

1. ഇടവകകളിൽ ഹെൽപ്ഡെസ്ക്കുകൾ സ്ഥാപിക്കുക.

2. ഡിസംബർ 3 ന് ശേഷം വരുന്ന ഞായർ സമുദായ ദിനമായി ആചരിക്കുക.

3. ജൂൺ 22 ന് ശേഷം വരുന്ന ഞായർ അല്മായ ദിനമായി ആചരിക്കുക.

4. മാർച്ച് 8 വനിതാദിനമായി ആചരിക്കുക.

5. അല്മായ ശുശ്രൂഷയെപ്പറ്റി ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക



6. ലത്തീൻ സമുദായ ചരിത്രത്തെപ്പറ്റി അറിവ് നൽകാനുള്ള ക്ലാസുകൾ സംഘടിപ്പിക്കുക.

7. അല്മായർക്ക് ചർച്ചാക്ലാസുകളും പരിശീലന കളരികളും സംഘടിപ്പിക്കുക.

8. സമുദായ ബോധം ജനിപ്പിക്കാനുതകുന്ന പഠനക്ലാസുകളും ചർച്ചകളും സംഘടിപ്പിക്കുക.

9. ഭക്തസംഘടനകൾക്ക് ദിവ്യബലിയിലെ അല്മായ പങ്കാളിത്തത്തെപ്പറ്റി ക്ലാസുകൾ നൽകുക.

10. സർക്കാർ ജോലിസാധ്യതകളെപ്പറ്റിയും ആനുകൂല്യങ്ങളെപ്പറ്റിയും അവബോധം നൽകുക.

11. പ്രാദേശികതല പ്രശ്നങ്ങളിൽ സജീവമായി ഇടപെടാൻ ഫെറോനതല വികസന സമിതികൾ രൂപീകരിക്കുക.

12. ഓരോ ഇടവകയിലും സമുദായ സംഘടനകളിൽ കൂടുതൽ അംഗങ്ങളെ ചേർക്കുക.

13. കെ.എൽ.സി.എ/കെ.എൽ.സി. ഡബ്ലിയു.എ എന്നിവ രൂപീകരിക്കാത്ത ഇടവകകൾ രൂപീകരിക്കുക.

14. സംഘടിത- അസംഘടിത തൊഴിലാളി ഫോറങ്ങൾ രൂപീകരിക്കുക.

15. ഡോക്ടേഴ്സ്/ നേഴ്സസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.

16. എഞ്ചിനിയേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുക.

17. അഡ്വക്കേറ്റ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഹായ ഡെസ്ക്കുകൾ  രൂപീകരിക്കുക.

18. തദ്ദേശ സ്വയംഭരണ തെരെഞ്ഞെടുപ്പിൽ യോഗ്യരായ സ്ഥാനാർത്ഥികളെ സമുദായത്തിൽ നിന്നും കണ്ടെത്തുക.

19. വനിതാ സംവരണ മണ്ഡലങ്ങളിൽ യോഗ്യരായ വനിതകളെ കണ്ടെത്തുക.

20. വിവിധ രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്ന സമുദായ സ്നേഹികളായ നേതാക്കളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

21. ഇടവകയിലെ രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങളിൽ സജീവമായി ഇടപെടുക.

22. ഭക്തസംഘടനകൾ തമ്മിൽ ഏകോപനവും സഹവർത്തിത്വവും വളർത്തുക.

**23.** കൊമ്പ്രിയ സഭയ്ക്ക് ഫെറോനതല ഭരണസംവിധാനം ഉറപ്പു വരുത്തുക.

**24.** ജീവനാദവും ജീവനും വെളിച്ചവും പ്രചരിപ്പിക്കുക.

**25.** കലാ സാംസ്ക്കാരിക മൂല്യങ്ങൾ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുക.

**സമുദായ നേതാക്കളുടെ യോഗം**

അതിരൂപതയിലെ കെ.എൽ.സി.എ, കെ.എൽ.സി.ഡബ്ലിയു.എ, ഡി.സി.എം.എസ് എന്നീ സമുദായ സംഘടനകളുടെ നേതാക്കളുടെ ഒരു യോഗം അല്മായ ശുശ്രൂഷ ഡയറക്ടർ എം. ആർക്കാഞ്ചലൊയുടെ അദ്ധ്യക്ഷതയിൽ 27.01.2018 ൽ കൂടുകയുണ്ടായി. വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര യോഗം ഉദ്ഘാടനം ചെയ്തു. സമുദായ നേതാക്കൾ ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വിവിധ മേഖലകളെപ്പറ്റി പഠിക്കണമെന്നും ഒരു ദ്രുത കർമ്മസേന പോലെ പ്രവർത്തിക്കുന്ന നേതാക്കളെയാണ് ഇന്ന് വേണ്ടതെന്നും മോൺസിഞ്ഞോർ അഭിപ്രായപ്പെട്ടു. വിഷയാവതരണത്തിന്റെ ഭാഗമായി ഓഖി ദുരന്തത്തിൽ സംഘടനകളുടെ ഇടപെടലുകളെയും ഭാവി പരിപാടികളെയും കുറിച്ച് ഡയറക്ടർ എം. ആർക്കാഞ്ചലൊ രൂപരേഖ അവതരിപ്പിച്ചു. താഴെ പറയുന്ന വിഷയങ്ങളെപ്പറ്റി സമഗ്രമായ ചർച്ച നടന്നു.

1. ഓഖി ദുരന്ത നിവാരണ നടപടികളിൽ എങ്ങനെ പങ്കുചേരാം
2. ഹോം മിഷന്റെ പ്രവർത്തനം ഇടവക തലത്തിൽ എങ്ങനെ മെച്ചപ്പെടുത്താം.
3. മിഷൻ കോൺഗ്രസിന്റെ പശ്ചാത്തലത്തിൽ ശുശ്രൂഷ എങ്ങനെ ശക്തീകരിക്കാം.
4. തുടർ പ്രവർത്തനങ്ങൾ എങ്ങനെ നവീകരിക്കാം.

ഓഖി ദുരന്ത നിവാരണത്തിന്റെ സബ്കമ്മിറ്റികളിൽ സമുദായ നേതാക്കളെയും ഉൾപ്പെടുത്തണമെന്ന് യോഗം ആവശ്യപ്പെട്ടു. ആന്റണി ആൽബർട്ട്, ഷേർളി ജോണി, ജോസഫ് ജോൺസൻ, മേരി പുഷ്പം, ജോർജ്ജ് പള്ളിത്തറ, സി. ജോണി തുടങ്ങിയവർ സംസാരിച്ചു.